കേരള സർക്കാർ

## ഭവന നിർമ്മാണ വകുപ്പ്

# പൗരാവകാശ രേഖ

ഭവന നിർമ്മാണ വകുപ്പ്

# പൗരാവകാശ രേഖ

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1.0.0 | ആമുഖം | 1 |
| 2.1.0 | ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം | 2 |
| 2.1.1 | വീക്ഷണം | 2 |
| 2.1.2 | ലക്ഷ്യം | 2 |
| 2.1.3 | നയം | 7 |
| 2.1.4 | ഭവന വകുപ്പിനെ ആശ്രയിക്കുന്നവർക്ക് | 7 |
| 2.1.5 | സേവന നിർവഹണം | 8 |
| 2.1.6 | പ്രതിജ്ഞാബദ്ധത | 9 |
| 2.1.7 | ഭരണ സംവിധാനം | 9 |
| 2.1.8 | ഓഫീസിന്റെ ഘടന | 10 |
| 2.1.9 | പരാതി പരിഹാര മാർഗ്ഗം | 10 |
| 2.1.10 | പ്രവർത്തനങ്ങളെ വിലയിരുത്തൽ | 11 |
| 3.1.0 | ഭവന നിർമ്മാണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഇതര സ്ഥാപനങ്ങൾ | 11 |
| 3.2.0 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 12 |
| 3.2.1 | ആമുഖം | 12 |
| 3.2.2 | വീക്ഷണം | 12 |
| 3.2.3 | പ്രതിജ്ഞാബദ്ധത | 14 |
| 3.2.4 | മാനേജ്മെന്റ് | 14 |
| 3.2.5 | ഭവന നിർവഹണം—ഓഫീസ് ഘടന | 15 |
| 3.2.6 | ഓഫീസിന്റെ പ്രവർത്തന സമയം | 15 |
| 3.2.7 | ഹൗസിംഗ് ബോർഡിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ | 16 |
| 3.2.8 | സേവനങ്ങളും നടപടിക്രമങ്ങളും | 17 |
| 3.2.9 | അപേക്ഷകൾ/പരാതികൾ/പരിഹാര സംവിധാനങ്ങൾ | 18 |

പേജ്

3.2.10 പൊതുജനങ്ങളുടെ ചുമതലകളും കടമകളും ........ 19

3.2.11 ഭാവിപരിപാടികൾ ........ 20

3.2.12 ഭവന നിർമ്മാണ ബോർഡിന്റെ ഓഫീസുകളും ഉദ്യോഗസ്ഥരും ........ 21

3.3.0 കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ........ 25

3.3.1 വീക്ഷണം ........ 26

3.3.2 ലക്ഷ്യം ........ 26

3.3.3 ഭരണ സംവിധാനം ........ 27

3.3.4 നിർമ്മിതിയുടെ സേവനങ്ങൾ ........ 28

3.3.5 ഇൻസ്റ്റിറ്റ്യൂഷൻ ഫീസ് ........ 29

3.3.6 സീഫ് സാങ്കേതിക വിദ്യയുടെ വ്യാപ്തി ........ 29

3.3.7 നിർമ്മിതിയുടെ പ്രത്യേകത ........ 30

3.3.8 കാലാവധിയും ചെലവ് ക്രമീകരിക്കലും ........ 30

3.3.9 കെട്ടിട നിർമ്മാണ സാമഗ്രികളുടെ പരീക്ഷണ- നിരീക്ഷണ ശാല ........ 30

3.3.10 അസംസ്കൃത വസ്തുക്കളുടെ വിതരണം ........ 31

3.3.11 ഗവേഷണ വികസന പ്രവർത്തനങ്ങൾ ........ 31

3.3.12 വിവര പ്രചരണവും തുടർനടപടികളും ........ 31

3.3.13 തൊഴിൽ സംസ്ക്കാരവും വ്യവസായ വികസനവും ........ 32

3.3.14 പുനരധിവാസം ........ 32

3.3.15 റീജിയണൽ സെന്ററുകളിൽ നിന്നും ലഭ്യമാകുന്ന സേവനത്തിന്റെ വിശദവിവരങ്ങൾ ........ 32

3.3.16 കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ മേഖലാ/ഗ്രാമീണ കേന്ദ്രങ്ങളിലെ പൊതുസമ്പർക്ക ഓഫീസർമാരുടെ മേൽവിലാസങ്ങൾ ........ 39

3.4.0 ഭവന നിർമ്മാണ രംഗത്ത് വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികൾ നടപ്പിലാക്കിവരുന്ന ഇതര വകുപ്പുകൾ ........ 43

കേരള സർക്കാർ

# ഭവന നിർമ്മാണ വകുപ്പ്

# പൗരാവകാശ രേഖ

## 1.0.0 ആമുഖം

കേരള സംസ്ഥാനത്തിന്റെ സാമൂഹികവും സാമ്പത്തികവും സാംസ്ക്കാരിക വുമായ വളർച്ചയും നേട്ടങ്ങളും ജനശ്രദ്ധ നേടിക്കഴിഞ്ഞു. വിദ്യാഭ്യാസ വിവര സാങ്കേതിക മേഖലകളിൽ തിളക്കമാർന്ന നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞു വെങ്കിലും സിവിൽ സർവീസ് മേഖലയിലെ സേവനത്തിൽ സാധാരണക്കാരായ പൗരൻമാർക്ക് വേണ്ടത്ര അവബോധം ലഭ്യമല്ലാത്തതിനാൽ അവർ ചൂഷിതരും ക്ലേശിതരും ആയിത്തീരുന്നു. ആയതിനാൽ സർക്കാർ ഓഫീസുകളിൽ നിന്നും സേവന ലഭ്യതയ്ക്കുണ്ടാകുന്ന കാലതാമസം ആധുനിക ജീവിതത്തിന്റെ ഗതി വേഗതയുമായി പൊരുത്തപ്പെടാൻ കഴിയാതെവരുന്നു.

സർക്കാർ ഓഫീസിലെത്തുന്ന ജനങ്ങൾക്ക് സമയബന്ധിതമായ സേവനം ഉറപ്പുവരുത്തുകയും ഗുണഭോക്താക്കൾക്ക് സേവനത്തിന്റെ സുതാര്യത, പ്രതിജ്ഞാബദ്ധത, കാര്യക്ഷമത, പരാതി പരിഹാര മാനദണ്ഡം എന്നിവയിൽ അവബോധം സൃഷ്ടിച്ച് ഉദ്യോഗസ്ഥരുടെ പ്രവർത്തനത്തിൽ സംശുദ്ധി വരുത്തി ഭരണവകുപ്പുകളുടെ പ്രവർത്തനത്തിന് ചലനാത്മകത കൈവരിക്കുക എന്നത് അത്യന്താപേക്ഷിതമാണ്.

സംസ്ഥാന ഭവന നിർമ്മാണ വകുപ്പിന്റെ കീഴിലുള്ള കാര്യാലയങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങളുടെ കാര്യത്തിൽ തന്റെ അവകാശങ്ങളെപ്പറ്റി ഓരോ പൗരനും കൃത്യമായി അറിയുവാനും മനസ്സിലാക്കുവാനും സമയബന്ധിതമായി

സേവനം ലഭ്യമാക്കുവാനും ആ കാര്യം ഉറപ്പുവരുത്തുവാനും വേണ്ടി ഭവന നിർമ്മാണ വകുപ്പിന്റെ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുന്നു.

## 2.1.0 ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം

കേരളത്തിലെ ഭവന നിർമ്മാണ ഏജൻസികളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി 19-1-1980-ലെ ജി. ഒ. (എംഎസ്.) 8/80/L & HD ഉത്തരവുപ്രകാരം ഹൗസിംഗ് ഡിപ്പാർട്ട്മെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻകീഴിൽ ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം സ്ഥാപിതമായി.

## 2.1.1 വീക്ഷണം

സംസ്ഥാനത്തെ രണ്ടാമത്തെ ഏറ്റവും വലിയ സാമ്പത്തിക പ്രവർത്തന മേഖലയാണ് ഇന്ന് ഭവന നിർമ്മാണ രംഗം. നിലവിലുള്ള മാനദണ്ഡങ്ങൾ കണക്കിലെടുത്താൽ രാജ്യത്തെ മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ ഭവന നിർമ്മാണ സ്ഥിതി വളരെ മെച്ചപ്പെട്ടതാണ്. സാമൂഹിക സുരക്ഷിതത്വ സഹായ പദ്ധതികളുടെ ഭാഗമായി ഭവന നിർമ്മാണ മേഖലയിൽ വളരെ നൂതന പദ്ധതികളിലൂടെ ദുർബലവിഭാഗത്തിൽപ്പെട്ട നിർദ്ധനരായവരെ സഹായിക്കുന്നതിൽ സംസ്ഥാന സർക്കാർ സജീവ പങ്കാളിത്തം വഹിച്ചുവരുന്നു.

സാമൂഹിക സാമ്പത്തിക പുരോഗതിയിലും മനുഷ്യ അഭിവൃദ്ധിയിലുമുള്ള സംസ്ഥാനത്തിന്റെ സ്തുത്യർഹമായ നേട്ടങ്ങൾ കേരളത്തിലെ പൊതുഭവന നിർമ്മാണരംഗത്ത് പ്രതിഫലിച്ചുകാണുന്നു. ഉയർന്ന ജീവിത നിലവാരം, ആരോഗ്യകരമായ അന്തരീക്ഷം, അടിസ്ഥാന സൗകര്യ വികസനം എന്നിവ ഏകോപിപ്പിച്ചുകൊണ്ട് 'എല്ലാവർക്കും പാർപ്പിടം' എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഭവന നിർമ്മാണ വകുപ്പ് ഊർജ്ജിതശ്രമം നടത്തിവരുന്നു.

## 2.1.2 ലക്ഷ്യം

- പാർപ്പിടം പൗരന്റെ അവകാശമാണ് എന്ന കാഴ്ചപ്പാടിനെ മുൻനിർത്തി എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തും.
- സംസ്ഥാനത്ത് പാർപ്പിട നയം നടപ്പിലാക്കി എല്ലാവർക്കും വീട് എന്ന ലക്ഷ്യം കൈവരിക്കും.

- ഭവന നിർമ്മാണ മേഖലയിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കെട്ടിട നിർമ്മാതാക്കളും, ഗുണഭോക്താക്കളും തമ്മിലുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനുമായി ഒരു അതോറിറ്റിയുടെ സേവനം ലഭ്യമാക്കും.
- സംസ്ഥാനത്ത് പൊതുമേഖലയിൽ ഹൗസിംഗ് ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് തുടക്കം കുറിച്ച് എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ഭവന വായ്പ ലഭ്യമാക്കും.
- ദുർബലവിഭാഗക്കാരായ ജനങ്ങളുടെ ഭവന പരിരക്ഷയെ മുൻനിർത്തി സംസ്ഥാനത്ത് ഒരു ഹൗസിംഗ് റിസ്ക്ക് ഫണ്ട് രൂപീകരിച്ച് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തും.
- പൊതു-സ്വകാര്യ-പൊതുജന പങ്കാളിത്ത പദ്ധതികൾ ആവിഷ്കരിച്ച് കെട്ടിട നിർമ്മാണ മേഖലയെ പ്രോൽസാഹിപ്പിക്കും.
- ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട സാങ്കേതിക മേഖലയിൽ തനതായ പരീക്ഷണങ്ങൾക്കും പര്യവേഷണങ്ങൾക്കുമായി പ്രത്യേകമായി ഒരു തുക വകയിരുത്തുന്നതിനുവേണ്ട നടപടി പ്രോത്സാഹിപ്പിക്കും.
- നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ഭവനങ്ങളെ സംബന്ധിച്ചും ഭവനനിർമ്മാണത്തെ സംബന്ധിച്ചുമുള്ള ബന്ധപ്പെട്ട വിവരശേഖരണം നടത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും.
- സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ വിവിധ രൂപത്തിലും മാതൃകയിലുമുള്ള ഊർജ്ജക്ഷമതയും ചെലവുകുറഞ്ഞതുമായ ഭവനങ്ങളുടെ മാതൃക പൊതുജനങ്ങൾക്ക് മനസ്സിലാക്കുന്നതിനായി ഭവന പാർക്കുകൾക്ക് രൂപം കൊടുക്കുന്നതിന് പ്രോൽസാഹനം നൽകും.
- കാലാവസ്ഥാ വ്യതിയാനംമൂലം പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, ഊർജ്ജശേഷിയും കാര്യക്ഷമതയും ഉൾക്കൊണ്ട ഹരിതഭവനങ്ങൾ നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകും.

- സമഗ്രവും സന്തുലിതവുമായ പാർപ്പിട വ്യവസ്ഥിതിക്കായി പ്രാദേശിക തലത്തിൽ ഭവന-പാർപ്പിട രൂപ രേഖകൾ തയ്യാറാക്കുന്നതിന് പ്രോത്സാഹനം നൽകും.
- പരമ്പരാഗത വീടുകളുടെ അറ്റകുറ്റപ്പണികൾക്കും അവ പുതുക്കി പണിയുന്നതിനും പ്രത്യേക പരിഗണന നൽകും.
- പ്രകൃതിക്കിണങ്ങുന്ന തലത്തിലുള്ള വീടുകൾ നിർമ്മിക്കുന്നതിനും ഊർജ്ജം ലാഭിക്കുന്നതിനുള്ള നിർമ്മാണ സാമഗ്രികൾ ഉൽപ്പാദിപ്പിക്കുന്നതിനും, ഉപയോഗിക്കുന്നതിനും പ്രോത്സാഹനം നൽകും.
- ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രീ ഫാബ്രിക്കേറ്റഡ് മാതൃകയിലുള്ള ഭവനം നിർമ്മിക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ചേരികൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും പ്രദേശത്തെ ശോച്യാവസ്ഥയിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾക്കും പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കും തൊഴിൽ സൗകര്യം വർദ്ധിപ്പിച്ച് ജീവിത നിലവാരം ഉയർത്തുന്നതിനും മുൻകൈ എടുക്കും.
- ഭവന നിർമ്മാണ ചട്ടങ്ങൾ പരിഷ്ക്കരിക്കുന്നതിനും ഇതര വകുപ്പുകളുടെ സഹകരണത്തോടെ ഭവന നിർമ്മാണത്തിന് ദുർബല വിഭാഗങ്ങൾക്ക് കൂടുതൽ പ്രയോജനം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾക്ക് ആക്കം കൂട്ടും.
- പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് ദരിദ്രർക്കും ഒറ്റപ്പെട്ടവർക്കും ചുരുങ്ങിയ ചിലവിൽ ഗുണമേന്മയേറിയ വീട്/അഭയ സ്ഥാനം ലഭ്യമാക്കും.
- ഭവന നിർമ്മാണ മേഖല ആധുനികവൽക്കരിക്കുന്നതിനുവേണ്ടി ഉൽപാദനക്ഷമത, കാര്യനിർവ്വഹണശേഷി, ഗുണമേന്മ എന്നിവ കൈവരിക്കാൻ ചുരുങ്ങിയ ചിലവിൽ ഗുണമേന്മയേറിയ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തും.

- പ്രകൃതി ദുരന്തങ്ങളായ ചുഴലിക്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾ പൊട്ടൽ, സുനാമി, ഭൂമികുലുക്കം എന്നിവയിൽ ദുരിതമനുഭവിക്കുന്ന വർക്ക് അത്യാഹിതം ചെറുക്കുന്നതിനുതകുന്ന വിധത്തിലുള്ള ഭവനങ്ങളും പുനരധിവാസ വികസനവും ഏർപ്പെടുത്തും.
- നിർമ്മാണ സാമഗ്രികളും മറ്റ് അനുബന്ധ ഘടകങ്ങളും ലഭ്യമാക്കുന്നതിന് ചെറുകിട ഉല്പാദകരെ പ്രോത്സാഹിപ്പിക്കും.
- സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ വഴി നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം വർദ്ധിപ്പിച്ച് വിലനിലവാരം നിയന്ത്രിക്കും.
- പട്ടിക ജാതി/പട്ടിക വർഗ്ഗക്കാർ, ദുർബല വിഭാഗക്കാർ, ചേരി നിവാസികൾ, അംഗവൈകല്യം വന്നവർ, സ്ത്രീകൾ തുടങ്ങിയവരെ ഭവന പദ്ധതികൾ രൂപകൽപ്പന ചെയ്ത് നടപ്പാക്കുന്നതിൽ പങ്കാളികളാക്കും.
- സാംസ്കാരിക പാരമ്പര്യം, വാസ്തുവിദ്യ എന്നിവ പരിപാലിച്ച് ഭവന നിർമ്മാണ മേഖല അഭിവൃദ്ധിപ്പെടുത്തും.
- ഭവന നിർമ്മാണ മേഖലകളിൽ ഗവേഷണം, വികസനം, സാങ്കേതിക വിദ്യാ കൈമാറ്റം എന്നിവ പ്രോത്സാഹിപ്പിക്കും.
- നിർമ്മാണത്തൊഴിലാളികളുടെ പരിശീലനം സുഗമമാക്കും.
- സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, സംസ്ഥാന നിർമ്മിതി കേന്ദ്രം, ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ ഇവയെ ഏകോപിപ്പിച്ച് സാങ്കേതികവിദ്യ കൈമാറ്റം ഊർജ്ജിതപ്പെടുത്തും.
- ഭവന നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ സർക്കാർ ഇതര സംഘടനകൾ/സാമൂഹിക സംഘടനകൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കും.
- ഭവന അപര്യാപ്തകൾ തിരിച്ചറിയുകയും പ്രാദേശിക തലത്തിലുള്ള ഭവന നിർമ്മാണ കർമ്മ പരിപാടികൾ തയ്യാറാക്കുകയും ദുർബല വിഭാഗങ്ങൾക്ക് ഭൂമി വിതരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

- ഭവന നിർമ്മാണ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സംസ്ഥാന പദ്ധതികളും കാര്യപരിപാടികളും ഊർജ്ജിതമായി നടപ്പിലാക്കും.
- എല്ലാ വിഭാഗത്തിൽപ്പെടുന്നവരുടേയും ഭവന നിർമ്മാണ ഉദ്യമങ്ങൾക്ക് വിദഗ്ദ്ധോപദേശം/സാങ്കേതികോപദേശം/സഹായസേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി അന്തർദേശീയ നിലവാരത്തിലുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കും.
- അത്യാഹിതങ്ങൾ സംഭവിക്കുന്നപക്ഷം ജീവനും വസ്തുവും സംരക്ഷിക്കുന്നതിനുവേണ്ടി ഭവന നിർമ്മാണ ഗുണഭോക്താക്കളെ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് പ്രേരിപ്പിക്കും.
- ഭവന സമുച്ചയങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി ഭൂമി അനുവദിക്കുന്നതിന് മുൻഗണന നൽകും.
- ഉടമസ്ഥതയിലും വാടകയടിസ്ഥാനത്തിലും ഭവന സമുച്ചയങ്ങളുടെ നിർമ്മാണം ത്വരിതപ്പെടുത്തും.
- വ്യവസ്ഥാപിത നിർമ്മാണ രീതികളിൽനിന്നും നൂതനവും ചെലവു കുറഞ്ഞതും ഗുണമേന്മയേറിയതും പരിസ്ഥിതി സൗഹാർദ്ദപരവുമായ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് വ്യത്യസ്ത കാലാവസ്ഥകൾക്കനുയോജ്യമായ നിർമ്മാണ ഗവേഷണം പ്രോത്സാഹിപ്പിക്കും.
- സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, സംസ്ഥാന നിർമ്മിതി കേന്ദ്രം, ജില്ലാ നിർമ്മിതി കേന്ദ്ര ശൃംഖലകൾ എന്നിവ കുറഞ്ഞ ചെലവിൽ ഗുണമേന്മയേറിയതും പരീക്ഷിച്ചറിഞ്ഞ പരിസ്ഥിതി സൗഹാർദ്ദപരവുമായ സാങ്കേതിക വിദ്യയും നിർമ്മാണ സാമഗ്രികളും പാവപ്പെട്ടവർക്കു തകുന്ന രീതിയിൽ പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

### 2.1.3 നയം

ഭവന നിർമ്മാണ വകുപ്പിന്റെ കീഴിൽ വരുന്ന കാര്യാലയങ്ങളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കുകയും പൊതുജനോപകാരപ്രദമായ രീതിയിൽ പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കുക, ഭവന നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന പൗരൻമാർക്ക് വകുപ്പിന്റെ കീഴിലുള്ള കാര്യാലയങ്ങൾ വഴി മാർഗ്ഗനിർദ്ദേശം നൽകി പ്രോൽസാഹിപ്പിക്കുക തുടങ്ങിയവ.

### 2.1.4 ഭവന വകുപ്പിനെ ആശ്രയിക്കുന്നവർക്ക്

- ഗുണമേന്മയേറിയതും ചെലവുകുറഞ്ഞതുമായ ഭവന നിർമ്മാണത്തെക്കുറിച്ച് ഈ വകുപ്പിൻകീഴിലുള്ള കാര്യാലയങ്ങൾ വഴി വിവര സാങ്കേതികത ലഭ്യമാക്കും.
- സത്യസന്ധവും ധാർമികവും തൊഴിൽപരവും പക്ഷപാതരഹിതവുമായ സേവനം ഉറപ്പുവരുത്തും.
- പൊതുജനങ്ങളുടെ നിർദ്ദേശങ്ങൾ പഠിച്ച് ശ്രദ്ധയോടും ആത്മാർത്ഥതയോടും പ്രതികരിക്കും.
- പൊതുജനങ്ങളുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും അവരുടെ ആവശ്യകത മനസ്സിലാക്കി സുതാര്യമായി മറുപടി നൽകും.
- ഭവന നിർമ്മാണ പദ്ധതികളും സേവനങ്ങളും സംബന്ധിച്ച വിവരങ്ങൾ ഇതര മാദ്ധ്യമങ്ങളിലൂടെയും www.kerala.gov.in, www.hsgcomr.kerala.gov.in, www.kshb.kerala.gov.in എന്നീ വെബ്സൈറ്റുകളിലൂടെയും ലഘു പ്രസിദ്ധീകരണങ്ങളിലൂടെയും പ്രചരിപ്പിക്കും.
- ഭവന നിർമ്മാണ വകുപ്പിൻ കീഴിലുള്ള സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് ആത്മാർത്ഥമായ സേവനം നൽകും.
- പൊതുജനങ്ങൾക്ക് സേവനം നൽകുന്ന കാര്യങ്ങളിൽ ഭവന നിർമ്മാണ വകുപ്പിന് കീഴിലുള്ള കാര്യാലയങ്ങൾ ജാഗ്രത പാലിക്കും. പദ്ധതി ഇതര കാര്യങ്ങളിൽ സമയബന്ധിത സേവനം ഉറപ്പുവരുത്തുന്നതിന് കുറഞ്ഞത് ഒരു പ്രവൃത്തിദിനവും പരമാവധി രണ്ടാഴ്ചയും ആയിരിക്കും.

## 2.1.5 സേവന നിർവഹണം

ഭവന നിർമ്മാണ രംഗത്തെ കാര്യക്ഷമമായ പ്രവർത്തനങ്ങളിൽ ഭവന വകുപ്പിനെ സഹായിക്കുക, വിവിധ ഏജൻസികളുടെ അതതുകാലത്തെ പദ്ധതികളെപ്പറ്റിയും നയങ്ങളെപ്പറ്റിയുമുള്ള പഠനം, സാങ്കേതികമേന്മയുള്ള ഭവന നിർമ്മാണത്തെക്കുറിച്ചുള്ള വിവരശേഖരണം, ഭവന നിർമ്മാണ മേഖലയിൽ വിവിധ ഏജൻസികളുടെ നേട്ടങ്ങൾ ക്രോഡീകരിക്കുക തുടങ്ങിയവ ഈ കാര്യാലയം വഴി നടത്തിവരുന്നു.

1983-ലെ അപ്പാർട്ട്മെന്റ് ഓണർഷിപ്പ് ആക്ടിൻപ്രകാരം കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിർമ്മിച്ചുനൽകുന്ന ഭവനങ്ങളുടെ അധികാരി ഹൗസിംഗ് കമ്മീഷണർ ആണ്.

*സേവന നിർവഹണത്തിൽ ഭവന വകുപ്പ് കർമ്മനിരതമായിരിക്കും*

- ഈ വകുപ്പിൻകീഴിലുള്ള കാര്യാലയങ്ങൾ വഴി പൊതുജനങ്ങൾക്ക് കാര്യക്ഷമവും നിലവാരമുള്ളതുമായ സേവനം നൽകും.
- കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെയും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെയും ഉപകാര്യാലയങ്ങൾ വഴി ഗുണഭോക്താക്കളായ പൗരൻമാർക്ക് ആത്മാർത്ഥമായ സേവനം ഉറപ്പുവരുത്തും.
- പ്രശസ്തരുടേയും വിദഗ്ദ്ധരുടെയും സേവനങ്ങളെ ഭവന നിർമ്മാണരംഗത്ത് പ്രയോജനപ്പെടുത്തും. ജനശ്രദ്ധയാർന്ന പുതിയ പദ്ധതികളും സംരംഭങ്ങളും നടപ്പിലാക്കും.
- കാതലായ തീരുമാനങ്ങൾ പൊതുജനങ്ങളെ ധരിപ്പിച്ച് അതിൽ നിന്നുള്ള നേട്ടങ്ങളും കോട്ടങ്ങളും മനസ്സിലാക്കിക്കും. തീരുമാനങ്ങൾ നടപ്പിലാക്കുമ്പോൾ വിദഗ്ദ്ധോപദേശം തേടും.
- പൊതുജനങ്ങളുടെ അപേക്ഷകളും നിർദ്ദേശങ്ങളും ചോദ്യങ്ങളും സംശയങ്ങളും പക്ഷപാതരഹിതമായി സ്വീകരിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യും.

- പൊതുജനങ്ങളുടെ അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി വകുപ്പിൽ നിന്നും നൽകാൻ കഴിഞ്ഞില്ലെങ്കിൽ അവ ഇതര വകുപ്പുകളിൽ നിന്നും ശേഖരിച്ചുനൽകും.
- പൊതുജനങ്ങളിൽ നിന്നുള്ള വിലയേറിയ അഭിപ്രായം പദ്ധതി നടത്തിപ്പിന് പ്രയോജനപ്രദമാക്കും. കാര്യാലയങ്ങളുടെ പ്രവർത്തനത്തിൽ പൗരന്മാരുടെ പ്രതികരണം ഉൾക്കൊള്ളിക്കും.
- വിമർശനങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊണ്ട് കാര്യാലയങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തെ പരിപോഷിപ്പിക്കും.

### 2.1.6 പ്രതിജ്ഞാബദ്ധത

- ഭവന നിർമ്മാണ വകുപ്പിൽ അർപ്പിക്കപ്പെട്ടിട്ടുള്ള കടമകൾ പ്രതിജ്ഞാബദ്ധതയോടും അർപ്പണ മനോഭാവത്തോടും കൂടി നിർവഹിക്കും. നൂതന സാങ്കേതികജ്ഞാനം, വില കുറഞ്ഞതും ഗുണനിലവാരമുള്ളതുമായ നിർമ്മാണ സാമഗ്രികൾ, പരിസ്ഥിതി സൗഹാർദ്ദവും പ്രകൃതി ദുരന്തങ്ങൾക്കതീതവുമായ ഭവന നിർമ്മാണം എന്നിവയ്ക്ക് പ്രോൽസാഹനം നൽകും. ഭവന രഹിത പട്ടികജാതി/പട്ടികവർഗ്ഗക്കാർ, അംഗവൈകല്യം വന്നവർ, വൃദ്ധർ, ഒറ്റപ്പെട്ടവർ, വിധവകൾ, ചേരിനിവാസികൾ, സമൂഹത്തിലെ മറ്റ് ദുർബല വിഭാഗക്കാർ എന്നിവരുടെ ആവശ്യങ്ങൾക്ക് മുൻതൂക്കം നൽകും.
- വകുപ്പിന്റെ ലക്ഷ്യം കൈവരിക്കുന്നതിനായി ഉദ്യോഗസ്ഥരുടെ ആത്മാർത്ഥവും സത്യസന്ധവുമായ സേവനം ഉറപ്പുവരുത്തും.

### 2.1.7 ഭരണ സംവിധാനം

- ഭവന നിർമ്മാണ വകുപ്പിന്റെ ഭരണച്ചുമതല ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ വകുപ്പുസെക്രട്ടറി മേൽനോട്ടം വഹിക്കുന്നു. അദ്ദേഹത്തെ സഹായിക്കുന്നതിനായി സംസ്ഥാനത്ത് ഭവന വകുപ്പിന്റെ കീഴിൽ ഒരു ഹൗസിംഗ് കമ്മീഷണറും കാര്യാലയവും പ്രവർത്തിക്കുന്നു.



GCPT. 3/2215/2011/DTP

### 2.1.8 ഓഫീസിന്റെ ഘടന

ഹൗസിംഗ് കമ്മീഷണർ
↓
ചീഫ് പ്ലാനർ
↓

- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ
  - ↓ അസിസ്റ്റന്റ് എൻജിനീയർ
  - ↓ ആർക്കിടെക്ചറൽ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ
  - ↓ ഒന്നാം ഗ്രേഡ് (ഡ്രാഫ്റ്റ്സ്മാൻ)
  - ↓ രണ്ടാം ഗ്രേഡ് (ഡ്രാഫ്റ്റ്സ്മാൻ)
- സീനിയർ സൂപ്രണ്ട്
  - ↓ അപ്പർ ഡിവിഷൻ ക്ലാർക്ക്
  - ↓ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
  - ↓ എൽ.ഡി. ക്ലാർക്ക്
  - ↓ എൽ.ഡി. ടൈപ്പിസ്റ്റ്
  - ↓ പ്യൂൺ
  - ↓ പാർട്ട് ടൈം സ്വീപ്പർ

### 2.1.9 പരാതി പരിഹാരമാർഗ്ഗം

- ഭവന വകുപ്പിന്റെയും വകുപ്പിൻകീഴിൽ വരുന്ന ഇതര കാര്യാലയങ്ങളുടെയും പ്രവർത്തനങ്ങളെ വിലയിരുത്തുവാനും വിമർശിക്കുവാനും ഓരോ പൗരനും അവകാശമുണ്ട്.
- 2005-ലെ വിവരാവകാശ നിയമപ്രകാരം അപ്പലേറ്റ് അതോറിറ്റി ഹൗസിംഗ് കമ്മീഷണർ ആണ്. സംസ്ഥാനതല പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി ചീഫ് പ്ലാനറെയും സംസ്ഥാനതല അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ/സീനിയർ സൂപ്രണ്ടിനെയും നിയമിച്ചിട്ടുണ്ട്.

പൊതുജനങ്ങളുടെ ആക്ഷേപങ്ങളും പരാതികളും നേരിട്ടോ, തപാൽ മാർഗ്ഗമോ താഴെപ്പറയുന്ന അധികാരികളെ അറിയിക്കാവുന്നതാണ്:

1. സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്,
   കേരള സർക്കാർ,
   തിരുവനന്തപുരം-695 001.
   ഫോൺ: 0471 2335166 ഫാക്സ്: 0471 2333115

2. ഹൗസിംഗ് കമ്മീഷണർ,
   ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം,
   ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ,
   തിരുവനന്തപുരം-695 001
   ഫോൺ: 0471 2330720 ഫാക്സ്: 0471 2331204

## 2.1.10 പ്രവർത്തനങ്ങളെ വിലയിരുത്തൽ

- ഈ പൗരാവകാശ രേഖയിൽ വെളിപ്പെടുത്തിയ നിലവാരത്തിലുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിൽ വകുപ്പിലെ എല്ലാ ജീവനക്കാരും പ്രതിജ്ഞാബദ്ധരായിരിക്കും. പ്രവർത്തനങ്ങളെ കാലാകാലങ്ങളിൽ വിലയിരുത്തി പൊതുജന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് കാര്യക്ഷമത വർദ്ധിപ്പിച്ച് നടപ്പിലാക്കും.
- പൊതുജനങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരാതികളും സദാ സ്വാഗതം ചെയ്യുന്നു. പൊതുജനങ്ങൾ മനസ്സിലാക്കുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ പൗരാവകാശ രേഖ www.kerala.gov.in, www.hsgcomr.kerala.gov.in, www.kshb.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നു.

## 3.1.0 ഭവന നിർമ്മാണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഇതര സ്ഥാപനങ്ങൾ

ഭവന നിർമ്മാണ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡും സംസ്ഥാന നിർമ്മിതികേന്ദ്രവും പ്രവർത്തിക്കുന്നു.

നിർമ്മാണ മേഖലയിൽ നൂതനാശയങ്ങളും വൈദഗ്ദ്ധ്യവും പ്രചരിപ്പിക്കുന്നതിനും ഭവന നിർമ്മാണരംഗത്ത് 'എല്ലാവർക്കും വീട്' എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനുമായി പ്രവർത്തിച്ചുവരുന്ന കാര്യാലയങ്ങളുടെ വീക്ഷണം, പ്രവർത്തന മേഖല, സേവനം, ഭരണ സംവിധാനം എന്നിവ ഈ പൗരാവകാശ രേഖയിൽ വിശദമാക്കുന്നു.

## 3.2.0 കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (കെ.എസ്.എച്ച്.ബി.)

### 3.2.1 ആമുഖം

1961-ൽ സ്ഥാപിതമായ തിരുവനന്തപുരം നഗര പരിഷ്കരണ ട്രസ്റ്റിന്റെ തുടർച്ചയായി ദേശീയ നയത്തിനും കാഴ്ചപ്പാടിനും അനുസൃതമായി 1971 മാർച്ച് 5-ാം തീയതിയാണ് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആവിർഭാവം കൊണ്ടത്. 1971-ലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാനത്തെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏകോപിതവും ആസൂത്രിതവുമായ ദിശാബോധം നൽകുന്നതിനും വിവിധ വരുമാനവിഭാഗം ജനങ്ങളുടെ പാർപ്പിട ആവശ്യങ്ങൾക്ക് തൃപ്തികരമായ പരിഹാരം കാണുന്നതിന് അനുയോജ്യവും വൈവിധ്യവുമാർന്ന ഭവന നിർമ്മാണ/വായ്പാ പദ്ധതികളും മറ്റും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുമാണ് ബോർഡ് സ്ഥാപിക്കപ്പെട്ടത്

### 3.2.2 വീക്ഷണം

"എല്ലാവർക്കും വീട്" എന്ന സർക്കാരിന്റെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനാണ് ബോർഡ് മുൻഗണന നൽകി പ്രവർത്തിച്ചുവരുന്നത്. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ രൂപീകരണം ഈ വകുപ്പിലെ ഭരണ നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള നിയമങ്ങളുടെയും ഉദ്ദേശ്യങ്ങളുടെയും ലക്ഷ്യങ്ങളുടെയും സാക്ഷാത്കാരത്തിന് വേണ്ടിയാണ്. ഇതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് ഇപ്പോൾ ഭവന നിർമ്മാണ ബോർഡ് പ്രധാനമായും നടത്തിവരുന്നത്:

- ഒരു പ്രദേശത്തെ ആവശ്യകത മനസ്സിലാക്കി ഭൂമി ഏറ്റെടുത്ത് വികസന പ്രവർത്തനങ്ങൾ നടത്തി പ്ലോട്ടുകൾ തിരിച്ച് ആവശ്യക്കാർക്ക് നൽകുക.

- വികസിത ഭൂമിയിൽ വീടുകളുടെയും ഫ്ളാറ്റുകളുടെയും സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുക.
- സ്വന്തമായി ഭൂമിയുള്ളവർക്ക് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണത്തിനുള്ള വായ്പ ധനലഭ്യതയനുസരിച്ച് അനുവദിക്കുക.
- റവന്യൂ ടവർ പോലുള്ള വാണിജ്യ-ഓഫീസ് സമുച്ചയങ്ങൾ പണിത് നൽകുക.
- വനിതാ ഹോസ്റ്റലുകളുടെ നിർമ്മാണവും നടത്തിപ്പും, വാടക ഭവന നിർമ്മാണ പദ്ധതികൾ, NRI കൾക്കായി ഫ്ളാറ്റ് നിർമ്മാണം എന്നിവ സ്ഥല-ധന ലഭ്യതയനുസരിച്ച് നടപ്പിലാക്കുക.
- കരാർ/ഡെപ്പോസിറ്റ് വ്യവസ്ഥയിൽ ഭവന/വാണിജ്യ/ഓഫീസ് സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക.
- സർക്കാർ/അർദ്ധ സർക്കാർ, PSU കൾക്ക് വേണ്ടി കരാർ/ഡെപ്പോസിറ്റ് വ്യവസ്ഥയിൽ കൺസൾട്ടൻസി/നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക.
- പ്രകൃതി ക്ഷോഭങ്ങളിൽ വീട് നഷ്ടപ്പെട്ട വിഭാഗക്കാർക്ക് വേണ്ടി സർക്കാർ/സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുക.
- പൊതുജനങ്ങളിൽ നിന്ന് ഭാഗികമായി ഫണ്ട് സമാഹരിച്ച് അവർക്ക് വേണ്ടി ഭവന പദ്ധതികൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുക.
- സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക.
- നഗര പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തൊഴിലാളി വിഭാഗങ്ങൾക്ക് നഗര പ്രാന്തങ്ങളിൽ സർക്കാരിന്റെ അംഗീകാരത്തോടെയും സാമ്പത്തിക സഹായത്തോടെയും, ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുന്ന ഭവന പദ്ധതികൾ നടപ്പിലാക്കുക.

### 3.2.3 പ്രതിജ്ഞാബദ്ധത

ഭവന നിർമ്മാണ ബോർഡിൽ അർപ്പിക്കപ്പെട്ടിട്ടുള്ള കടമകൾ അർപ്പണ ബോധത്തോടും, സാമൂഹ്യ പ്രതിബദ്ധതയോടുംകൂടി നിർവ്വഹിക്കുമെന്ന് ബോർഡ് ഈ പൗരാവകാശ രേഖയാൽ ഉറപ്പുനൽകുന്നു. ബോർഡിന്റെ കർത്തവ്യങ്ങൾ സുതാര്യമായും, കാര്യക്ഷമമായും, ജനസൗഹൃദപരമായും നിർവ്വഹിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ ബോർഡ് സ്വീകരിക്കുന്നതാണ്:

- നിർണ്ണയിക്കപ്പെട്ട നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകുന്നതാണ്.
- പൊതുജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പദ്ധതികൾക്ക് രൂപം നൽകുന്നതാണ്.
- ജനസൗഹൃദപരമായ അന്തരീക്ഷം ഓഫീസുകളിൽ ഉറപ്പുവരുത്തുന്നതാണ്.
- ബോർഡിലെ എല്ലാ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുകയും ഇ-ഗവേണൻസ് നടപ്പിലാക്കുകയും ചെയ്യുന്നതാണ്.
- എല്ലാ ഓഫീസുകളിലും സേവന കൗണ്ടർ സ്ഥാപിച്ച് ജനങ്ങളെ സഹായിക്കുന്നതാണ്.
- സ്ഥാപനത്തിലെ എല്ലാ ഓഫീസുകളിലും ജീവനക്കാർ തിരിച്ചറിയൽ കാർഡ് ധരിച്ച് ജോലിക്ക് ഹാജരാകണമെന്ന് നിഷ്കർഷിക്കും.
- ബോർഡിന്റെ വെബ്സൈറ്റ് കൂടുതൽ ജനോപകാരപ്രദമായി വികസിപ്പിക്കുന്നതോടൊപ്പം ബോർഡിൽ ഉപയോഗിക്കുന്ന എല്ലാ ഫോറങ്ങളും വെബ്സൈറ്റിലൂടെ ലഭ്യമാക്കുന്നതാണ്.
- സേവനമികവിലും വേഗതയിലും അന്താരാഷ്ട്ര നിലവാരം ലക്ഷ്യമാക്കി ബോർഡിന്റെ പ്രവർത്തനം രൂപപ്പെടുത്തുന്നതാണ്.

### 3.2.4 മാനേജ്മെന്റ്

ഭവന നിർമ്മാണ ബോർഡിന്റെ ഭരണം ഔദ്യോഗിക-അനൗദ്യോഗിക അംഗങ്ങളടങ്ങിയ 17 അംഗ സമിതിയിൽ നിക്ഷിപ്തമാണ്. ബോർഡിന്റെ ഫുൾടൈം ചെയർമാൻ (അനൗദ്യോഗിക അംഗം), ഭവന നിർമ്മാണ

ബോർഡിന്റെ എക്സ്-ഒഫിഷ്യോ സെക്രട്ടറിയായ ഹൗസിംഗ് കമ്മീഷണർ, സർക്കാർ നിയമിക്കുന്ന നാല് ഔദ്യോഗിക അംഗങ്ങൾ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പതിനൊന്ന് അനൗദ്യോഗിക അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നതാണ് ബോർഡ്.

### 3.2.5 ഭരണ നിർവ്വഹണം–ഓഫീസ് ഘടന

കേരള സംസ്ഥാനം മുഴുവനായി വ്യാപിച്ചുകിടക്കുന്നതാണ് ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തന/അധികാരപരിധി. കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്ത് ശാന്തിനഗറിലാണ് ബോർഡിന്റെ ആസ്ഥാനം. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ആസ്ഥാനങ്ങൾ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന മൂന്ന് മേഖലാ ഓഫീസുകൾ മേഖലാ എഞ്ചിനീയർമാരുടെ അധീനതയിലാണ്. ബോർഡിന്റെ വിവിധ ഭവനനിർമ്മാണ പദ്ധതികളും, വായ്പാ പദ്ധതികളും ഈ മേഖലാ ഓഫീസുകളുടെ കീഴിൽ ജില്ലാ/ഡിവിഷൻ/ബ്രാഞ്ച് ഓഫീസുകൾമുഖേനയാണ് നടത്തുന്നത്. 14 ജില്ല കളിലും, എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ ഡിവിഷൻ ഓഫീസുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു പ്രോജക്ട് ഡിവിഷനും പ്രവർത്തിക്കുന്നു. കൂടാതെ, വിവിധ ജില്ലകളിലായി 18 ബ്രാഞ്ച് ഓഫീസുകളും തൊടുപുഴയിൽ ഒരു ജില്ലാ ഓഫീസും പ്രവർത്തിച്ചുവരുന്നു. ബ്രാഞ്ച് ഓഫീസു കളിൽ അക്കൗണ്ട്സ് ഓഫീസറോ, ജൂനിയർ സൂപ്രണ്ടോ ആണ് ഓഫീസ് മേധാവി. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം വിവിധ റീജിയണൽ/ഡിവിഷൻ/ജില്ലാ/ബ്രാഞ്ച് ഓഫീസുകൾവഴി കേരളത്തിൽ ഉടനീളം വ്യാപരിച്ചിരിക്കുന്നു.

### 3.2.6 ഓഫീസിന്റെ പ്രവർത്തനസമയം

പ്രവൃത്തിദിവസങ്ങളിൽ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 വരെയും മറ്റുള്ള സ്ഥലങ്ങളിൽ രാവിലെ 10 മുതൽ വൈകുന്നേരം 5 വരെയും പ്രവർത്തിക്കുന്നതാണ്. ഉച്ചയ്ക്ക് 1.15 മുതൽ 2 മണിവരെ ഇടവേളയായിരിക്കും. പണമിടപാടുകൾ 3 മണിവരെയായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. സർക്കാരിന്റെ പൊതു/പ്രാദേശിക അവധികൾ ബോർഡ് ഓഫീസുകൾക്കും ബാധകമാണ്.

### 3.2.7 ഹൗസിംഗ് ബോർഡിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ

*A. ബ്രാഞ്ച്/ഡിവിഷൻ/ജില്ലാ ഓഫീസുകളിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ*

- ഹൗസിംഗ് ബോർഡ് നൽകിവരുന്ന വിവിധ ഭവന നിർമ്മാണ വായ്പകളുടെ തിരിച്ചടവ് അതാത് ബ്രാഞ്ച്/ഡിവിഷൻ/ജില്ലാ ഓഫീസുകൾവഴി നടത്താവുന്നതാണ്.
- വായ്പ മുഴുവൻ അടച്ചുതീർത്താൽ ഒഴിവുകുറി നടത്തി ആധാരം തിരികെ നൽകുന്നത് ബോർഡിന്റെ ഡിവിഷൻ/ബ്രാഞ്ച്/ജില്ലാ ഓഫീസുകൾവഴിയാണ്.
- പ്ലോട്ട്/വീടോടുകൂടിയ പ്ലോട്ട്/ഫ്ളാറ്റ് ഇവ ലഭ്യമായ ഗുണഭോക്താക്കളിൽനിന്ന് പ്രതിമാസ ഹയർ പർച്ചേസ് തവണ സ്വീകരിക്കുന്നത് ബോർഡിന്റെ ബന്ധപ്പെട്ട ഡിവിഷൻ/ബ്രാഞ്ച് ഓഫീസുകൾ മുഖേനയാണ്.
- ബോർഡിന്റെ ഗുണഭോക്താക്കളിൽ പ്രകൃതിക്ഷോഭത്തിനിരയായവരുടെ ഇൻഷ്വറൻസ് തുക ലഭിക്കുന്നതിനുള്ള സർട്ടിഫിക്കററ് ബോർഡിന്റെ ബ്രാഞ്ച്/ഡിവിഷൻ ഓഫീസുകൾ മുഖേന നൽകിവരുന്നു.
- വായ്പ എടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ സൗകര്യാർത്ഥം തിരിച്ചടവിനായി വിവിധ താലൂക്ക്/പഞ്ചായത്ത് ഓഫീസുകളുമായി ബന്ധപ്പെട്ട് നിശ്ചിത ദിവസങ്ങളിൽ ഡിവിഷൻ/ബ്രാഞ്ച് ഓഫീസുകൾ മുഖേന കളക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.
- ബോർഡിന്റെ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചതുമൂലം രസീതു നൽകൽ, വ്യക്തിഗത അക്കൗണ്ട് പൂർത്തിയാക്കൽ തുടങ്ങിയവ ധ്യതഗതിയിൽ നടന്നുവരുന്നു.

*B. ഡിവിഷൻ ഓഫീസുകളിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ*

- അന്തിമ വിലകണക്കുകൾ തീർപ്പായ പൊതു ഭവന നിർമ്മാണ പദ്ധതികളിലെ ഫ്ളാറ്റ്, വീട്, പ്ലോട്ട് എന്നിവയുടെയും രാജീവ് ദശലക്ഷ

പാർപ്പിട പദ്ധതിയിലെ (സമുച്ചയം) വീടുകളുടെയും വിലയാധാരം ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തിരം നൽകുന്നു. ഗുണഭോക്താക്കൾ ആവശ്യപ്പെടുന്നപക്ഷം ട്രാൻസ്ഫറുകളും നടത്തുന്നത് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്.

- ബോർഡിന്റെ വിവിധ ഓഫീസുകളിൻകീഴിലുള്ള കൊമേഴ്സ്യൽ-കം-ഓഫീസ് കോംപ്ലക്സിൽ ഒഴിവുള്ള കടകളും ഓഫീസ് ഏരിയയും പൊതു ലേലവ്യവസ്ഥയിൽ ലീസിൽ നൽകിവരുന്നു. ഇതിന്റെ പൊതു വിവരങ്ങൾ ബന്ധപ്പെട്ട ഡിവിഷൻ ഓഫീസുകളിൽനിന്ന് ലഭ്യമാണ്.
- ബോർഡിന്റെ നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികളിലെ ഒഴിവുള്ള വീടുകൾ/വീടോടുകൂടിയ പ്ലോട്ടുകൾ/ഫ്ളാറ്റുകൾ ഇവയുടെ ലേല വിൽപ്പന ഡിവിഷൻ ഓഫീസുകൾവഴി നടന്നുവരുന്നു.
- ഇതുകൂടാതെ, നിർമ്മാണ വികസന പ്രവർത്തനങ്ങളുടെ സൂപ്പർവിഷൻ, അളവുകളും ചെക് മെഷർമെന്റുകളും, കോൺട്രാക്ടർ ബില്ലുകൾ തയ്യാറാക്കലും സംശോധനയും, നിർമ്മാണ പൂർത്തീകരണ നടപടിക്രമങ്ങൾ പാലിക്കലും കൈമാറ്റവും തുടങ്ങിയ പ്രവർത്തനങ്ങൾ ഡിവിഷൻ ഓഫീസുകൾവഴി നിർവ്വഹിച്ചുവരുന്നു.

### 3.2.8 സേവനങ്ങളും നടപടിക്രമങ്ങളും

*അപേക്ഷ നൽകേണ്ടതും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമായ രേഖകളുടെ വിശദാംശങ്ങൾ*

- അപേക്ഷകൾ ഹൗസിംഗ് ബോർഡ് സെക്രട്ടറി, ചെയർമാൻ, ബന്ധപ്പെട്ട ഓഫീസ് മേധാവികൾ എന്നിവർക്ക് നൽകണം.
- അപേക്ഷയോടൊപ്പം നൽകേണ്ട രേഖകൾ അപേക്ഷകന്റെ ആവശ്യത്തിന് അനുസൃതമായാണ് നിശ്ചയിക്കുന്നത്. ബോർഡിൽനിന്നും മുമ്പ് അപേക്ഷിച്ചിട്ടുള്ള കാര്യത്തിനാണ് വിവരങ്ങൾ അറിയേണ്ടതെങ്കിൽ വെള്ളപ്പേപ്പറിൽ അറിയാനുള്ള കാര്യങ്ങൾ എഴുതി അതാത് ഓഫീസ് മേധാവികൾക്ക് അയച്ചുകൊടുക്കുകയോ നേരിട്ടു നൽകുകയോ ചെയ്യേണ്ടതാണ്.



GCPT. 3/2215/2011/DTP

അലോട്ടുമെന്റ് സംബന്ധിച്ചുള്ള രജിസ്ട്രേഷൻ, വായ്പ സംബന്ധിച്ചുള്ള അപേക്ഷ തുടങ്ങിയ കാര്യങ്ങൾക്ക് പ്രിന്റ് ചെയ്ത അപേക്ഷാ ഫാറം ബോർഡിന്റെ ബന്ധപ്പെട്ട ഓഫീസിൽനിന്നും വാങ്ങി അതിൽ ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾസഹിതം സമർപ്പിക്കേണ്ടതാണ്.

➢ നിർണ്ണയിക്കപ്പെട്ട നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകുന്നതാണ്. അപേക്ഷയുടെ സ്വഭാവമനുസരിച്ച് തീരുമാനമെടുക്കേണ്ടിവരുമ്പോൾ ഓരോന്നിനും വ്യത്യസ്തമായ സമയക്രമം പാലിക്കേണ്ടിവരും. ബോർഡിൽനിന്നും അറിയേണ്ട ആവശ്യത്തിന് മറുപടി നൽകുന്നതിന് പരമാവധി 15 ദിവസം മതിയാകും.

➢ ബോർഡിൽനിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന മറുപടി അനുകൂലമല്ലെങ്കിൽ ബോർഡിന്റെ ചെയർമാനും സെക്രട്ടറിക്കും അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

➢ അറിയാനുള്ള അവകാശം (Right to Information) പ്രകാരമുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ 10 രൂപ ബോർഡിൽ അടച്ച് രസീത് വാങ്ങി അതിനോടൊപ്പം സമർപ്പിക്കണം. രൊക്കം പണമോ അല്ലെങ്കിൽ 10 രൂപയ്ക്കു തുല്യമായ ഡി.ഡി./പോസ്റ്റൽ ഓർഡർ ബോർഡിൽ മാറാൻ കഴിയുന്ന തരത്തിലുള്ള നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് നൽകേണ്ടതാണ്. അതുപ്രകാരമുള്ള മറ്റു രേഖകൾ നൽകണമെങ്കിൽ നിയമാനുസൃതമുള്ള ചാർജ്ജുകൂടി ഈടാക്കുന്നതാണ്. വായ്പ അലോട്ടുമെന്റ് തുടങ്ങിയവയ്ക്ക് ഫാറത്തിന്റെ വില നൽകേണ്ടതാണ്. അല്ലാതെ സേവനങ്ങൾക്കു പ്രത്യേകമായി യാതൊരുവിധ ഫീസുകളും ഈടാക്കുന്നില്ല.

### 3.2.9 അപേക്ഷകൾ/പരാതികൾ/പരിഹാര സംവിധാനങ്ങൾ

➢ ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ, ഉദ്യോഗസ്ഥരുടെ പെരുമാറ്റങ്ങൾ എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള ആക്ഷേപങ്ങളും പരാതികളും സെക്രട്ടറി, ചെയർമാൻ, ബന്ധപ്പെട്ട ഓഫീസ് മേധാവികൾ എന്നിവർക്ക് നൽകാവുന്നതാണ്.

## അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുള്ള മാതൃകാ ഫോറം

1. പേരും മേൽവിലാസവും :

2. എന്താവശ്യത്തിനാണ് ബോർഡ് ഓഫീസിൽ എത്തിയത് ? :

3. ഈ ഓഫീസുകളിൽനിന്നും കിട്ടിയ സേവനത്തിൽ താങ്കൾ തൃപ്തനാണോ ? :

4. അല്ലെങ്കിൽ കാരണം :

5. താങ്കളോട് ആരെങ്കിലും മോശമായി പെരുമാറിയിട്ടുണ്ടോ ? ഉണ്ടെങ്കിൽ വിശദമാക്കുക :

6. സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള താങ്കളുടെ നിർദ്ദേശങ്ങൾ :

7. അപേക്ഷകന്റെ ഒപ്പ്, പേര്, തീയതി :

### 3.2.10 പൊതുജനങ്ങളുടെ ചുമതലകളും കടമകളും

- ഈ സ്ഥാപനത്തിലെ ഓരോ ജീവനക്കാരനും പൊതുജനങ്ങളുടെ നിയമപരമായ അവകാശങ്ങൾ പരിഗണിച്ച് ആവശ്യമായ സേവനം ചെയ്യുവാൻ ബാദ്ധ്യസ്ഥരാണ്. ആയതിനാൽ ലഭിക്കുന്ന സേവനത്തിനു പകരമായി യാതൊരുവിധ പ്രതിഫലമോ പാരിതോഷികമോ ജീവനക്കാർക്ക് നൽകുവാൻ പാടുള്ളതല്ല. അപ്രകാരമുള്ള നടപടി നിയമവിരുദ്ധവും ശിക്ഷാർഹവുമാണ്.

- ബോർഡിലേക്ക് അടയ്ക്കുവാനുള്ള വായ്പാ തിരിച്ചടവ്/ഹയർ പർച്ചേസ് തിരിച്ചടവ് യഥാസമയം അടയ്ക്കുവാൻ എല്ലാ ഗുണഭോക്താക്കളും ശ്രദ്ധിക്കേണ്ടതാണ്.
- ഓരോ ഇനം സേവനങ്ങളും കാലതാമസംകൂടാതെ ലഭ്യമാക്കുന്നതിന് ആവശ്യമായ രേഖകൾ/പ്രമാണങ്ങൾ/പ്രസ്താവനകൾ/ചട്ടപ്രകാരമുള്ള ഫീസുകൾ എന്നിവ ഹാജരാക്കേണ്ടതാണ്.
- കാലാകാലങ്ങളിൽ ബോർഡ് നിശ്ചയിക്കുന്ന നടപടിക്രമങ്ങളും സർക്കാർ ഉത്തരവുകളും പാലിക്കാൻ ഓരോ ഗുണഭോക്താവും ചുമതലപ്പെട്ടിരിക്കുന്നു.
- വിവിധ അപേക്ഷകളിലും പരാതികളിലും അറിഞ്ഞോ അറിയാതെയോ തെറ്റായ വിവരങ്ങൾ കടന്നുകൂടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. തെറ്റായ വിവരങ്ങൾ അറിഞ്ഞുകൊണ്ട് ഉൾപ്പെടുത്തി സത്യപ്രസ്താവന/അപേക്ഷ നൽകുന്നത് ശിക്ഷാർഹമാണ്.
- ഏതു സേവനം ലഭിക്കുന്നതിനും ബോർഡിന്റെ അതത് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഏജന്റുമാരെയും മദ്ധ്യവർത്തികളെയും ആശ്രയിക്കുന്നത് ഒഴിവാക്കുക.

### 3.2.11 ഭാവി പരിപാടികൾ

- വായ്പാ/ഹയർ പർച്ചേസ് സംബന്ധിച്ച് ഗുണഭോക്താക്കളുടെ വ്യക്തിപരമായ കണക്കുകൾ പൂർണ്ണമായും കംപ്യൂട്ടർവൽക്കരിക്കും.
- ഗുണഭോക്താക്കളുടെ അപേക്ഷകൾ/പരാതികൾ സമയബന്ധിതമായി അടിയന്തിരമായി തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- ഗുണഭോക്താക്കളുടെയും സന്ദർശകരുടെയും സൗകര്യാർത്ഥം എൻക്വയറി കൗണ്ടറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തും.
- പദ്ധതിപ്രവർത്തനങ്ങളുടെ പുരോഗതി വിവരങ്ങൾ, അലോട്ടുമെന്റ് വിവരങ്ങൾ, വായ്പാ വിതരണ വിവരങ്ങൾ, കണക്കു തീർപ്പാക്കൽ വിവരങ്ങൾ തുടങ്ങി ഗുണഭോക്താക്കൾക്ക് അവശ്യം അറിയേണ്ടുന്ന

കാര്യങ്ങളെ സംബന്ധിക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകൾ കാലാകാലങ്ങളിൽ ബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

- ഓഫീസ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഓഫീസ് സന്ദർശിക്കുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പു വരുത്തുകയും ചെയ്യുന്നതാണ്.

### 3.2.12 കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഓഫീസുകളും ഉദ്യോഗസ്ഥരും

| ക്രമ നമ്പർ | തസ്തിക | വിലാസം | ടെലിഫോൺ നമ്പർ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | സെക്രട്ടറി | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, ശാന്തിനഗർ, തിരുവനന്തപുരം-1 | 0471-2331225 |
| 2 | ചീഫ് എൻജിനീയർ | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, ശാന്തിനഗർ, തിരുവനന്തപുരം-1 | 0471-2331025 |
| 3 | റീജിയണൽ എൻജിനീയർ | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, ശാന്തിനഗർ, തിരുവനന്തപുരം-1 | 0471-2331498 |
| 4 | എക്സി. എൻജിനീയർ | ഡിവിഷൻ നമ്പർ-1, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, ശാന്തിനഗർ, തിരുവനന്തപുരം-1 | 0471-233001 (573) |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | എക്സി. എൻജിനീയർ | ഡിവിഷൻ നമ്പർ-2,<br>കേരള സംസ്ഥാന<br>ഭവന നിർമ്മാണ ബോർഡ്,<br>ശാന്തിനഗർ,<br>തിരുവനന്തപുരം-1 | 0471-233001<br>(584) |
| 6 | അസി. എൻജിനീയർ/<br>അക്കൗണ്ട്സ്<br>ഓഫീസർ | കെ.എസ്.എച്ച്.ബി.,<br>ബ്രാഞ്ച് ഓഫീസ്,<br>സ്പിന്നിംഗ് മിൽ,<br>ബാലരാമപുരം,<br>തിരുവനന്തപുരം | 0471-2401575 |
| 7 | അസി. എൻജിനീയർ/<br>അക്കൗണ്ട്സ്<br>ഓഫീസർ | കെ.എസ്.എച്ച്.ബി.,<br>ബ്രാഞ്ച് ഓഫീസ്,<br>കുളവിക്കോണം,<br>നെടുമങ്ങാട്,<br>തിരുവനന്തപുരം | 0472-2814251 |
| 8 | എക്സി. എൻജിനീയർ | ഡിവിഷൻ ഓഫീസ്,<br>കൊമേഴ്സ്യൽ കോംപ്ലക്സ്<br>ബിൽഡിംഗ്,<br>കെ.എസ്.എച്ച്.ബി., കൊല്ലം | 0474-2740304 |
| 9 | അസി. എൻജിനീയർ/<br>അക്കൗണ്ട്സ്<br>ഓഫീസർ | കെ.എസ്.എച്ച്.ബി.,<br>ബ്രാഞ്ച് ഓഫീസ്,<br>കരുനാഗപ്പള്ളി | 0476-2064662 |
| 10 | അസി. എൻജിനീയർ/<br>അക്കൗണ്ട്സ് ഓഫീസർ | കെ.എസ്.എച്ച്.ബി.,<br>ബ്രാഞ്ച് ഓഫീസ്,<br>കെ.എസ്.എഫ്.ഇ.<br>ബിൽഡിംഗിന് എതിർവശം,<br>പത്തനാപുരം, കൊല്ലം | 0475-2352525 |
| 11 | എക്സി. എൻജിനീയർ | കെ.എസ്.എച്ച്.ബി.,<br>തിരുവമ്പാടി, ആലപ്പുഴ | 0477-2252723 |

| (1) | (2) | (3) | (4) |
|---|---|---|---|
| 12 | അസി. എൻജിനീയർ/ അക്കൗണ്ട്സ് ഓഫീസർ | കെ.എസ്.എച്ച്.ബി., ബ്രാഞ്ച് ഓഫീസ്, കെ.എസ്.ആർ.ടി.സി.-ക്ക് സമീപം, ചേർത്തല, ആലപ്പുഴ | 0498-2817989 |
| 13 | എക്സി. എൻജിനീയർ | കെ.എസ്.എച്ച്.ബി., പത്തനംതിട്ട ഡിവിഷൻ | 0469-2700096 |
| 14 | അസി. എൻജിനീയർ/ അക്കൗണ്ട്സ് ഓഫീസർ | കെ.എസ്.എച്ച്.ബി.ബ്രാഞ്ച് ഓഫീസ്, ഇല്ലിരിക്കൽ ബിൽഡിംഗ്, കോന്നി, പത്തനംതിട്ട | 04682-247096 |
| 15 | റീജിയണൽ എൻജിനീയർ | കെ.എസ്.എച്ച്.ബി. എറണാകുളം | 0484-2319820 |
| 16 | എക്സി. എൻജിനീയർ | കെ.എസ്.എച്ച്.ബി. ഡിവിഷൻ ഓഫീസ്, എറണാകുളം | 0484-2314979 |
| 17 | അസി. എൻജിനീയർ/ അക്കൗണ്ട്സ് ഓഫീസർ | കെ.എസ്.എച്ച്.ബി. ബ്രാഞ്ച് ഓഫീസ്, കോതമംഗലം, എറണാകുളം | 0485-2822268 |
| 18 | അസി. എൻജിനീയർ/ അക്കൗണ്ട്സ് ഓഫീസർ | കെ.എസ്.എച്ച്.ബി. ബ്രാഞ്ച് ഓഫീസ്, ടാസ് ടവർ, പെരുമ്പാവൂർ, എറണാകുളം | 0484-2527408 |
| 19 | എക്സി. എൻജിനീയർ | കെ.എസ്.എച്ച്.ബി., കഞ്ഞിക്കുഴി, കോട്ടയം | 0481-2570410 |
| 20 | അസി. എൻജിനീയർ/ അക്കൗണ്ട്സ് ഓഫീസർ | കെ.എസ്.എച്ച്.ബി. ബ്രാഞ്ച് ഓഫീസ്, ജനതാ ഹോസ്പിറ്റൽ, പാലാ, കോട്ടയം | 04822-201715 |

| (1) | (2) | (3) | (4) |
|---|---|---|---|
| 21 | അസി. എൻജിനീയർ/ അക്കൗണ്ട്സ് ഓഫീസർ | കെ.എസ്.എച്ച്.ബി. ബ്രാഞ്ച് ഓഫീസ്, ചങ്ങനാശ്ശേരി, കോട്ടയം | 0481-2426453 |
| 22 | അസി. എൻജിനീയർ/ അക്കൗണ്ട്സ് ഓഫീസർ | കെ.എസ്.എച്ച്.ബി. ബ്രാഞ്ച് ഓഫീസ്, കാഞ്ഞിരപ്പള്ളി, കോട്ടയം | 04828-206321 |
| 23 | എക്സി. എൻജിനീയർ | കെ.എസ്.എച്ച്.ബി., കട്ടപ്പന, ഇടുക്കി | 04868-272412 |
| 24 | അസി. എൻജിനീയർ/ അക്കൗണ്ട്സ് ഓഫീസർ | കെ.എസ്.എച്ച്.ബി., തൊടുപുഴ, ഇടുക്കി | 04862-201717 |
| 25 | എക്സി. എൻജിനീയർ | കെ.എസ്.എച്ച്.ബി., അയ്യന്തോൾ, തൃശ്ശൂർ | 0487-2360849 |
| 26 | അസി. എൻജിനീയർ/ അക്കൗണ്ട്സ് ഓഫീസർ | കെ.എസ്.എച്ച്.ബി. ബ്രാഞ്ച് ഓഫീസ്, ഇരിഞ്ഞാലക്കുട, തൃശ്ശൂർ | 0480-2831276 |
| 27 | റീജിയണൽ എൻജിനീയർ | കെ.എസ്.എച്ച്.ബി., ചക്കോരത്തുകുളം, കോഴിക്കോട് | 0495-2765145 |
| 28 | എക്സി. എൻജിനീയർ | കെ.എസ്.എച്ച്.ബി., കോഴിക്കോട് | 0495-2369545 |
| 29 | എക്സി. എൻജിനീയർ | കെ.എസ്.എച്ച്.ബി., റ്റി. ബി. റോഡ്, പാലക്കാട് | 0491-2539640 |
| 30 | എക്സി. എൻജിനീയർ | കെ.എസ്.എച്ച്.ബി., കോട്ടപ്പടി, മലപ്പുറം | 0483-2735003 |
| 31 | എക്സി. എൻജിനീയർ | കെ.എസ്.എച്ച്.ബി. കൽപ്പറ്റ, നോർത്ത് വയനാട് | 04936-203513 |
| 32 | എക്സി. എൻജിനീയർ | കെ.എസ്.എച്ച്.ബി., താവക്കര, കണ്ണൂർ | 0497-2707671 |

| (1) | (2) | (3) | (4) |
|---|---|---|---|
| 33 | അസി. എൻജിനീയർ/ അക്കൗണ്ട്സ് ഓഫീസർ | കെ.എസ്.എച്ച്.ബി., ഇരിട്ടി, കണ്ണൂർ | 0490-2493776 |
| 34 | അസി. എൻജിനീയർ/ അക്കൗണ്ട്സ് ഓഫീസർ | കെ.എസ്.എച്ച്.ബി., പിലാത്തറ, കണ്ണൂർ | 0497-2802363 |
| 35 | അസി. എൻജിനീയർ/ അക്കൗണ്ട്സ് ഓഫീസർ | കെ.എസ്.എച്ച്.ബി., നുള്ളിപ്പാടി, കാസർകോഡ് | 04994-230168 |

### 3.3.0 കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്)

ചെലവു കുറഞ്ഞതും പരിസ്ഥിതിക്കിണങ്ങിയതുമായ കെട്ടിടനിർമ്മാണത്തിനു വേണ്ട സാങ്കേതികവിദ്യ മനസ്സിലാക്കുന്നതിനും സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിനുംവേണ്ടി രൂപവൽക്കരിക്കപ്പെട്ടിരിക്കുന്ന ഒരു സംഘടനാ സംവിധാനമാണ് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം. തിരുവിതാംകൂർ - കൊച്ചി ലിറ്റററി സയിന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി ആക്ടിന്റെ അടിസ്ഥാനത്തിൽ 1989-ൽ ഈ സ്ഥാപനം രൂപീകൃതമായി.

കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ മുഖ്യകാര്യാലയം തിരുവനന്തപുരം പി.റ്റി.പി. നഗറിൽ പ്രവർത്തിക്കുന്നു. ഉദ്ദേശം 500 പേർക്ക് ഇരിക്കാവുന്ന പാർക്കിംഗ് സൗകര്യത്തോടുകൂടിയ ഓപ്പൺ എയർ ആഡിറ്റോറിയവും 30 പേർക്ക് ഇരിക്കാവുന്ന എയർകണ്ടീഷൻ ഹാളും മിതമായ നിരക്കിൽ ലഭ്യമാണ്. ഈ സ്ഥാപനത്തിന്റെ കീഴിൽ കേരളത്തിലുടനീളം 14 റീജിയണൽ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. റീജിയണൽ കേന്ദ്രങ്ങൾ ഏറ്റെടുത്തു നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾ മുഖ്യ കാര്യാലയത്തിന്റെ നിയന്ത്രണത്തിലാണ്. സർക്കാരിന്റെ വിവിധ ഭവന നിർമ്മാണ പദ്ധതികൾ, ഹൗസിംഗ് ഗൈഡൻസ്, വിവിധ തൊഴിൽ പരിശീലനങ്ങൾ, പ്രോജക്ടുകളുടെ സാങ്കേതിക അനുമതി, കലവറ, പ്രൊഡക്ഷൻ സെന്ററുകളുടെ പ്രവർത്തനങ്ങൾ, സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ നിയന്ത്രണം മുഖ്യകാര്യാലയംവഴിയാണ് നടത്തുന്നത്.



GCPT. 3/2215/2011/DTP.

### 3.3.1 വീക്ഷണം

പൊതുവെ സ്വീകാര്യമായതും അതേസമയം ചെലവുകുറഞ്ഞതും പരിസ്ഥിതിക്ക് അനുയോജ്യവുമായ ഒരു കെട്ടിടനിർമ്മാണ സംസ്കാരം വളർത്തിയെടുക്കുന്നതിനു വേണ്ട സഹായസഹകരണങ്ങൾ നൽകുകയും സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ കഴിയുന്നവർക്കു വേണ്ട നിർമ്മാണാവശ്യങ്ങൾക്ക് സഹായം നൽകുകയും ചെയ്യുക. സൗന്ദര്യത്തിനും, നാടൻ രീതികൾക്കും, ശില്പസൗകുമാര്യത്തിനും, അതുപോലെതന്നെ പ്രകൃതിയോടു താദാത്മ്യം പ്രാപിക്കുന്നതിനും ഊർജ്ജസംരക്ഷണത്തിനും തടിയുടെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിനും പ്രാധാന്യം നൽകുന്നതാണ് നിർമ്മിതിയുടെ രൂപകല്പന.

### 3.3.2 ലക്ഷ്യം


- ഭവനനിർമ്മാണരംഗത്ത് നൂതനമായ ആശയങ്ങൾക്ക് രൂപം നൽകുക.
- ജില്ലാതലങ്ങളിൽ പ്രവർത്തിക്കുന്ന നിർമ്മിതി കേന്ദ്രങ്ങളെയും അനുബന്ധ സ്ഥാപനങ്ങളെയും മുന്നോട്ടു നയിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനുംവേണ്ടി പ്രവർത്തിക്കുക.
- ഗവേഷണകേന്ദ്രങ്ങൾ, സർക്കാർ, അർദ്ധ സർക്കാർ, സർക്കാരിതര സംഘടനകൾ മുതലായ ഭവനനിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി യോജിച്ചു പ്രവർത്തിക്കുകയും ഗവേഷണഫലങ്ങളെ പ്രായോഗികതലങ്ങളിൽ എത്തിക്കുകയും ചെയ്യുക.
- സമയാസമയങ്ങളിൽ സർക്കാരിന്റെ ഭവന നിർമ്മാണ വീക്ഷണങ്ങളിലും നയപരിപാടികൾക്കും ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക.
- ഭവന നിർമ്മാണ സംബന്ധമായ കാര്യങ്ങളിൽ സംശയനിവാരണത്തിനും വിവരങ്ങൾ പകർന്നുനൽകുന്നതിനും സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ സംരംഭകരെ സഹായിക്കുക.
- ഉചിതമായ സാങ്കേതികവിദ്യകൾ തിരഞ്ഞെടുക്കുക.
- സമയാസമയങ്ങളിൽ ഭവനനിർമ്മാണരംഗത്തെ നൂതന ഗവേഷണ ഫലങ്ങൾക്കൊപ്പമെത്തുക.

- പൊതുജനങ്ങൾക്കിടയിൽ പാരമ്പര്യ വാസ്തുവിദ്യ, ആധുനിക ശില്പകല, നിർമ്മാണരംഗത്ത് ഫലപ്രദമായി ചെലവുകുറയ്ക്കാൻ മറ്റു സാങ്കേതികവിദ്യകൾ സംയോജിപ്പിക്കുന്നതിനും നിലവാരമുയർത്തുന്നതിനും പ്രയത്നിക്കുക.
- അനുയോജ്യമായ കെട്ടിടനിർമ്മാണ സാമഗ്രികൾ ഉൽപാദിപ്പിക്കുന്നതിന് ഉൽപാദനകേന്ദ്രങ്ങൾ സജ്ജമാക്കുക.
- ജില്ലാ നിർമ്മിതി കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് ഭവന നിർമ്മാണ മേഖലകളിൽ മാനുഷിക വിഭവശേഷി വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനുവേണ്ട പരിശീലനം നൽകുക.
- ചെലവു കുറഞ്ഞതും നൂതനവുമായ സാങ്കേതികവിദ്യ ഉപയോഗിച്ച് ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ സഹകരണത്തോടെ, പ്രത്യേകിച്ച് പൊതുമേഖലയിലെ, കെട്ടിടനിർമ്മാണം ഏറ്റെടുത്തു നടത്തുക.
- സർക്കാർ, പൊതുമേഖല, വാണിജ്യബാങ്കുകൾ മുതലായവയുടെ സ്വയംതൊഴിൽ പദ്ധതികളുമായി സഹകരിക്കുകയും മെച്ചപ്പെട്ട വരുമാനം ലഭിക്കുന്ന ഭവന നിർമ്മാണ പ്രവൃത്തികളിൽ ചെറുപ്പക്കാരെ പങ്കെടുപ്പിക്കുകയും ചെയ്യുക.
- പ്രത്യേക വൈദഗ്ദ്ധ്യം ആവശ്യമുള്ള മേഖലകളിൽ പദ്ധതികൾ നേരിട്ടോ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ വഴിയോ മുന്നോട്ടുകൊണ്ടുപോകുക.
- ഭവന നിർമ്മാണത്തിലും മറ്റു ബന്ധപ്പെട്ട മേഖലകളിലും വേണ്ട വിദഗ്ദ്ധോപദേശങ്ങൾ ലഭ്യമാക്കുക.
- ഭവന നിർമ്മാണ, അനുബന്ധമേഖലകളിൽ ഗവേഷണ വികസന പ്രവർത്തനങ്ങൾ നടത്തുക.

### 3.3.3 ഭരണസംവിധാനം

കേരള സർക്കാരിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം. ഇതിന്റെ ഭരണവും നിയന്ത്രണവും നടത്തുന്നത് ബഹു. ഭവന നിർമ്മാണ വകുപ്പുമന്ത്രി ചെയർമാനായ 19 അംഗ ഭരണ സമിതിയും, ഭവനനിർമ്മാണ വകുപ്പു സെക്രട്ടറി ചെയർമാനായ 6 അംഗ

എക്സിക്യൂട്ടീവ് കമ്മിറ്റിയും ചേർന്നാണ്. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ഭരണ നിർവ്വഹണം ഡയറക്ടറിൽ നിക്ഷിപ്തമാണ്.




### 3.3.4 നിർമ്മിതിയുടെ സേവനങ്ങൾ

*പരിശീലനം*

നിർമ്മാണ മേഖലയിലെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനായി ആർക്കിടെക്റ്റുകൾ മുതൽ മേസ്തിരിമാർവരെയുള്ളവർക്ക് ചെലവു കുറഞ്ഞതും പരിസ്ഥിതിക്കിണങ്ങിയതുമായ സാങ്കേതികവിദ്യയിൽ പരിശീലനം നൽകുന്നു. സ്ത്രീകൾക്കും, തൊഴിൽരഹിത യുവതീയുവാക്കൾക്കും മറ്റു ദുർബ്ബല വിഭാഗങ്ങൾക്കും നൽകുന്ന പ്രത്യേക പരിശീലന പദ്ധതികൾവഴി അവർക്ക് ഈ മേഖലയിൽ തൊഴിലവസരം വർദ്ധിക്കുന്നു. വിദഗ്ദ്ധ, അവിദഗ്ദ്ധ തൊഴിലാളികൾക്ക് മേസ്തിരി, ആശാരി, കെട്ടിടനിർമ്മാണ സാമഗ്രികളുടെ നിർമ്മാണം, ലാൻഡ്സ്കേപ്പിങ്, ഹോർട്ടിക്കൾച്ചർ, കളിമൺ ഉൽപ്പന്ന നിർമ്മാണം മുതലായവയിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നു. പട്ടികജാതി യുവതീയുവാക്കൾക്കായി വിവിധ തൊഴിലധിഷ്ഠിത പരിശീലന

പരിപാടികളും, കണ്ണൂർ ആറളത്ത് പട്ടികവർഗ്ഗക്കാർക്കായി കെട്ടിട നിർമ്മാണത്തിൽ വിവിധ പരിശീലന പരിപാടികളും, ജയിലുകളിലെ ദീർഘകാല തടവുകാർക്ക് വിവിധ തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും നടപ്പിലാക്കിവരുന്നു.

*കെട്ടിട നിർമ്മാണം*

നിർമ്മിതിയുടെ തിരുവനന്തപുരം ഭവന നിർമ്മാണ മാർഗ്ഗദർശക കേന്ദ്രവും മറ്റ് അനുബന്ധ സ്ഥാപനങ്ങളുംവഴി കെട്ടിടനിർമ്മാണത്തിൽ വിദഗ്ദ്ധ നിർദ്ദേശങ്ങൾ നൽകുന്നു. പരമ്പരാഗത വാസ്തുവിദ്യയും 20-21 നൂറ്റാണ്ടിലെ ജീവിതശൈലിയും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു നിർമ്മാണ ശൈലിയാണ് നിർമ്മിതിക്കുള്ളത്. പ്രബലിതമായ മൺകട്ടകൾ, റബിൾഫില്ലർ ബ്ലോക്ക്, ഹോളോ ബ്ലോക്ക്, കോൺക്രീറ്റ് ജനൽ, വാതിൽ, ഫ്യൂണിക്കുലർ ഷെൽ മുതലായവയുടെ ഉപയോഗംകൊണ്ട് നിർമ്മാണച്ചെലവ് 30% വരെ കുറയ്ക്കുന്നു. കൂടാതെ എലിക്കെണിക്കെട്ട്, ഫില്ലർസ്ളാബ്, ആർച്ച്, ജാളി, ഫെറോസിമന്റ് എന്നീ രീതിയിലുള്ള നിർമ്മാണവും ഗവേഷണ വികസന പ്രസ്ഥാനങ്ങളുടെ അംഗീകാരം നേടിയിട്ടുണ്ട്.

## 3.3.5 ഇൻസ്റ്റിറ്റ്യൂഷൻ ഫീസ്

സർക്കാർ പ്രോജക്ട് വർക്കിന് സർക്കാർ നിർദ്ദേശിക്കുന്ന രീതിയിൽ ഇൻസ്റ്റിറ്റ്യൂഷൻ ഫീസ് സംസ്ഥാന നിർമ്മിതി കേന്ദ്രം ഈടാക്കിവരുന്നു. ഹൗസിംഗ് ഗൈഡൻസിന്റെ സേവനം ലഭ്യമാക്കാൻ 100 രൂപ മുൻകൂർ അടച്ച് രജിസ്റ്റർ ചെയ്യുകയും, അപേക്ഷകരുടെ ആവശ്യമനുസരിച്ച് സേവനം ലഭ്യമാക്കുന്നതുമാണ്. സേവനം എല്ലാ റീജിയണൽ സെന്ററുകളിലും ലഭ്യമാണ്.

## 3.3.6 സീഫ് (CEEF) സാങ്കേതിക വിദ്യയുടെ വ്യാപ്തി

സ്വീകാര്യത, ഉപയോഗ്യത, പൊരുത്തം, പ്രാപ്യത മുതലായവ നിർമ്മിതി സാങ്കേതിക വിദ്യയുടെ പ്രത്യേകതകളാണ്. ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് വീടുകൾ മാത്രമല്ല, ലാബറട്ടറികൾ, സ്കൂളുകൾ, ഷോപ്പിങ് കോംപ്ലക്സുകൾ, പള്ളികൾ, ക്ഷേത്രങ്ങൾ, ഭൂകമ്പപ്രതിരോധശേഷിയുള്ള കെട്ടിടങ്ങൾ മുതലായവയ്ക്കുവേണ്ടി ബഹുനില കെട്ടിടങ്ങൾവരെ നിർമ്മിക്കാവുന്നതാണ്.

### 3.3.7 നിർമ്മിതിയുടെ പ്രത്യേകത

ഭൂമിയുടെ സ്വാഭാവികമായ കിടപ്പിന് അനുസൃതമായിട്ടാണ് നിർമ്മിതിയുടെ രൂപകല്പന. നിർമ്മാണശൈലിതന്നെ, പൊതുവെ നിലവിലുള്ള രീതി, പരമ്പരാഗത വാസ്തുവിദ്യ, പുത്തൻ സാങ്കേതികവിദ്യ മുതലായവയുമായി യോജിച്ചുപോകുന്നതാണ്. മതിയായ രീതിയിൽ കാറ്റും വെളിച്ചവും പ്രകൃതി സാന്നിദ്ധ്യവും ഈ ശൈലിയുടെ ഒരു പ്രത്യേകതയാണ്. കോൺക്രീറ്റിന്റെ അളവ് കഴിവതും കുറയ്ക്കുകയും അസഹ്യമായ കാലാവസ്ഥകളെ പ്രതിരോധി ക്കത്തക്കതുമാണ് ഇത്. ഫില്ലർ സ്ലാബുകൾ, ഷെല്ലുകൾ, ഫെറോ സിമന്റ് സ്ലാബുകൾ, ഹോളോ ബ്ലോക്ക്, സിമന്റ് മണൽക്കട്ടകൾ, റബിൾ ഫില്ലർ ബ്ലോക്കുകൾ, പ്രബലിത മണൽക്കട്ടകൾ, കോൺക്രീറ്റ് വാതിൽ, ജനൽ, വെന്റിലേറ്റർ, പ്രാദേശികമായി ലഭ്യമാകുന്ന തടി എന്നിവയുടെ ഉപയോഗം നിർമ്മിതിയുടെ നിർമ്മാണ പ്രത്യേകതയാണ്.

### 3.3.8 കാലാവധിയും ചെലവ് ക്രമീകരിക്കലും

ആവശ്യമായ പണം ലഭ്യമായാൽ പദ്ധതി പ്രവർത്തനം ഒരു മാസത്തിനുള്ളിൽത്തന്നെ ആരംഭിക്കുകയും അത് നിശ്ചിത തുകയ്ക്കും സമയ ബന്ധിതമായും പൂർത്തീകരിക്കുകയും ചെയ്യുന്നു.

*പദ്ധതി നിർവ്വഹണം*

പദ്ധതിയുടെ ആരംഭം മുതൽ നിർമ്മാണം പൂർത്തിയാക്കുന്നതുവരെയുള്ള നിർമ്മിതിയുടെ സേവനത്തിന് ഒരു നിശ്ചിത ഫീസ് ഈടാക്കുന്നു.

*അവശ്യ മാർഗ്ഗനിർദ്ദേശം*

ഇത്തരം കാര്യങ്ങളിൽ നിർമ്മിതിക്ക് ഒരു സാങ്കേതിക ഉപദേശകർ എന്ന നില മാത്രമേയുള്ളു. നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സൈറ്റ് സന്ദർശിക്കുന്ന സാങ്കേതിക വിദഗ്ദ്ധന്മാർ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ആയതിലേക്ക് നിശ്ചിതഫീസ് ഈടാക്കുകയും ചെയ്യുന്നു.

### 3.3.9 കെട്ടിട നിർമ്മാണ സാമഗ്രികളുടെ പരീക്ഷണ-നിരീക്ഷണശാല

കോൺക്രീറ്റ്, ഇഷ്ടിക, സിമന്റ്, കമ്പി, മറ്റു നിർമ്മാണ വസ്തുക്കൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഒരു ലാബറട്ടറി പ്രവർത്തിക്കുന്നുണ്ട്. സർക്കാർ-സ്വകാര്യ മേഖലകളിൽ ഇതിന്റെ സേവനം ലഭ്യമാണ്.

### 3.3.10 അസംസ്കൃത വസ്തുക്കളുടെ വിതരണം

സാധാരണക്കാർക്കും പാവപ്പെട്ടവർക്കും ഭവന നിർമ്മാണ സാമഗ്രികൾ മിതമായ നിരക്കിലും ഗുണനിലവാരത്തോടുകൂടിയും ലഭ്യമാക്കാൻ നിർമ്മിതി ലക്ഷ്യമിടുന്നു. ഇതിനുവേണ്ടി വിപുലമായ രീതിയിൽ ഉൽപാദന വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ആദ്യ മാർജിൻ ഫ്രീ മാർക്കറ്റായ 'കലവറ' എറണാകുളത്ത് കളമശ്ശേരിയിലുള്ള മേഖലാ നിർമ്മിതി കേന്ദ്രത്തിലും, കോഴിക്കോട് NIT ക്യാമ്പസിലുള്ള കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ റീജിയണൽ കേന്ദ്രത്തിലും, തിരുവനന്തപുരത്ത് വട്ടിയൂർക്കാവിലുള്ള കേരള സംസ്ഥാന നിർമ്മിതി കേന്ദ്ര റീജിയണൽ കേന്ദ്രത്തിലും, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രവും തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രവുമായി സഹകരിച്ച് തൃശ്ശൂർ ജില്ലയിലും, വന സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ ശേഖരിക്കുന്ന മണൽ വിതരണം ചെയ്യുന്നതിനായി ഫോറസ്റ്റ് ഡവലപ്മെന്റ് അതോറിറ്റി (FDA) യുടെയും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെയും തുല്യ പങ്കാളിത്തത്തോടുകൂടി കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിലും പ്രവർത്തിച്ചുവരുന്നു.

നിർമ്മിതിയുടെ ഉല്പാദന വിപണന കേന്ദ്രങ്ങളിൽ കർശനമായി ഗുണമേന്മ ഉറപ്പുവരുത്തിയ ഹോളോ ബ്ലോക്ക് കോൺക്രീറ്റ് ജനൽ, കട്ടിളകൾ, വാട്ടർ ടാങ്കുകൾ മുതലായവ ലഭിക്കുന്നു. .

### 3.3.11 ഗവേഷണ വികസന പ്രവർത്തനങ്ങൾ

കാർഷിക-വ്യാവസായിക മേഖലകളിൽനിന്ന് പുറന്തള്ളുന്ന വസ്തുക്കൾ ഉപയോഗിച്ച് ചെലവു കുറഞ്ഞതും പരിസ്ഥിതിക്കിണങ്ങിയതുമായ കെട്ടിട നിർമ്മാണ സാമഗ്രികളുണ്ടാക്കുന്നതിന് ശ്രമിക്കുന്നു. വിവിധ സാങ്കേതിക സ്ഥാപനങ്ങളുടെ നവീന സാങ്കേതികവിദ്യകൾ തിരിച്ചറിഞ്ഞ് ഇവ ഉപയോഗത്തിൽ കൊണ്ടുവരുന്നതിന്മുമ്പ് പ്രദർശനവും പരിശോധനയും നടത്തുന്നു. സാങ്കേതികവിദ്യകൾ പരീക്ഷണശാലയിൽനിന്ന് പ്രവൃത്തി പഥത്തിലേക്ക് കൊണ്ടുവരുന്നത് നിർമ്മിതിയുടെ ഒരു പ്രത്യേകതയാണ്.

### 3.3.12 വിവര പ്രചരണവും തുടർനടപടികളും

സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പ്രദർശനങ്ങൾ പ്രസിദ്ധീകരണങ്ങൾ മറ്റു ദൃശ്യശ്രാവ്യ മാധ്യമങ്ങൾ മുഖേന സാധാരണക്കാരിൽ ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണ പ്രക്രിയയെക്കുറിച്ച് അവബോധമുണ്ടാക്കിയെടുക്കുന്നു. സന്ദർശകർക്കായി നിർമ്മിതിയുടെ വാതായനങ്ങൾ എല്ലായ്പ്പോഴും തുറന്നിട്ടിരിക്കുന്നു.

### 3.3.13 തൊഴിൽ സംസ്കാരവും വ്യവസായ വികസനവും

നിർമ്മിതിയുടെ ഉൽപാദന കേന്ദ്രങ്ങൾവഴി നടത്തുന്ന വിവിധ പരിശീലന പരിപാടികൾവഴി പ്രാദേശീയരുടെ, പ്രത്യേകിച്ച് സ്ത്രീകളുടെ, സാന്നിദ്ധ്യ സഹകരണങ്ങൾ ഉറപ്പുവരുത്തുന്നു. ഇത് അവരുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതോടൊപ്പം പ്രാദേശിക തലത്തിൽ നല്ല ഒരു വ്യാവസായിക വികസനവും സാധ്യമാകുന്നു.

### 3.3.14 പുനരധിവാസം

ഭൂകമ്പബാധിത പ്രദേശങ്ങളിൽ, പ്രതിരോധശേഷിയുള്ള വീടുകൾ നിർമ്മിച്ചും, തകർന്നുപോയ അവരുടെ ജീവിതങ്ങളിൽ പുതിയ അവസരങ്ങൾ എത്തിക്കുന്നതിനും സമൂഹത്തിൽ പൊതുവെ അവരെ പുനർജ്ജീവിപ്പിക്കുന്ന തിനും വേണ്ട പദ്ധതികൾ നിർമ്മിതി ആവിഷ്കരിക്കുന്നു. ഇങ്ങനെ ദുരന്ത ബാധിത പ്രദേശങ്ങളിൽ പ്രത്യാശയുടെ നിറദീപങ്ങളുമായി നിർമ്മിതി എത്തുന്നു.

### 3.3.15 റീജിയണൽ സെന്ററുകളിൽനിന്നും ലഭ്യമാവുന്ന സേവനത്തിന്റെ വിശദവിവരങ്ങൾ

*1. റീജിയണൽ കേന്ദ്രം, ബാർട്ടൻഹിൽ*

സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ എന്നിവയുടെ നിർമ്മാണങ്ങളും മെയിന്റനൻസ് വർക്കുകളും ഏറ്റെടുത്തു നടത്തിവരുന്നു. സൈറ്റ് സൂപ്പർവിഷൻ, പ്ലാൻ/എസ്റ്റിമേറ്റ് തയ്യാറാക്കുക, മൊത്തം വർക്ക് ഏറ്റെടുത്ത് നടത്തുക മുതലായ സേവനങ്ങൾ ലഭ്യമാണ്. ഇതിനുവേണ്ടി ഒരു നിശ്ചിത തുക, നിർമ്മിതി കേന്ദ്രത്തിന്റെ ഗൈഡ്‌ലൈൻപ്രകാരം ഈടാക്കുന്നതാണ്. വിവിധ തൊഴിൽ പരിശീലനങ്ങളായ കാർപ്പെന്ററി, മേസണറി, ഇലക്ട്രിക്കൽ, സിവിൽ എന്നീ മേഖലകളിൽ പരിശീലനം നടത്തുന്നുണ്ട്.

*2. റീജിയണൽ കേന്ദ്രം, വട്ടിയൂർക്കാവ്*

വിവിധ സർക്കാർ-സ്വകാര്യ നിർമ്മാണ പ്രവർത്തനങ്ങൾ, കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉൽപാദനം (ഹോളോ കോൺക്രീറ്റ് ബ്ലോക്ക്, സോളിഡ് കോൺക്രീറ്റ് ബ്ലോക്ക്, ജനൽ, കതക് ഫ്രെയിമുകൾ തുടങ്ങിയവ), കെട്ടിട നിർമ്മാണ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്ന മെറ്റീരിയൽ ടെസ്റ്റിംഗ് ലാബ്, നിർമ്മിതിയുടെ കെട്ടിട നിർമ്മാണ ന്യായവില വിപണന

കേന്ദ്രം കലവറ, ഗവൺമെന്റ് ഗൈഡ്‌ലൈൻ പ്രകാരം ബി.പി.എൽ., എ.പി.എൽ. ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നു. പരിശീലന പരിപാടി (കാർപ്പെന്ററി, മേസണറി, ഹോർട്ടികൾച്ചർ എന്നീ വിഭാഗങ്ങളിൽ). പ്രൊഡക്ഷൻ സെന്ററിൽ നിർമ്മിക്കുന്ന സാമഗ്രികൾ ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിന്, പൊതുജനത്തിന് ടെലിഫോൺമുഖേനയും, നേരിട്ടും സെന്ററുമായി ബന്ധപ്പെടാവുന്നതാണ്. കെട്ടിട നിർമ്മാണ സാമഗ്രികൾ നിലവിലുള്ള മാർക്കറ്റ് റേറ്റ് അനുസരിച്ചാണ് വില നിശ്ചയിക്കുന്നത്.

*3. റീജിയണൽ കേന്ദ്രം, എറണാകുളം*

വിവിധ സർക്കാർ സ്വകാര്യ നിർമ്മാണ പ്രവർത്തനങ്ങൾ പ്രൊഡക്ഷൻ (നിർമ്മാണ സാമഗ്രികളായ ഹോളോ കോൺക്രീറ്റ് ബ്ലോക്ക്, സോളിഡ് കോൺക്രീറ്റ് ബ്ലോക്ക്, കിണർ റിംഗ്, ജനൽ/വാതിൽ ഫ്രെയിമുകൾ മുതലായവ), കലവറ (കമ്പി, സിമന്റ്, മുതലായവ എ.പി.എൽ./ബി.പി.എൽ. ഗുണഭോക്താക്കൾക്ക് ഗവൺമെന്റ് ഗൈഡ്‌ലൈൻപ്രകാരം നൽകിവരുന്നു), മെറ്റീരിയൽ ടെസ്റ്റിംഗ് ലാബ്, ഹൗസിംഗ് ഗൈഡൻസ്, പരിശീലന പരിപാടികൾ.

*4. റീജിയണൽ കേന്ദ്രം, കോട്ടയം*

വിവിധ സർക്കാർ-സ്വകാര്യ നിർമ്മാണ പ്രവർത്തനങ്ങൾ, പ്രൊഡക്ഷൻ സെന്റർ (തടി സാമഗ്രികൾ, കെട്ടിട നിർമ്മാണ സാമഗ്രികൾ മുതലായവ), ഹൗസിംഗ് ഗൈഡൻസ്, പരിശീലന പരിപാടികൾ.

*5. റീജിയണൽ കേന്ദ്രം, പാല*

സർക്കാർ-സ്വകാര്യ നിർമ്മാണ പ്രവർത്തനങ്ങൾ, ഹൗസിംഗ് ഗൈഡൻസ്, പരിശീലന പരിപാടികൾ (മേസണറി, കാർപ്പെന്ററി, പെയിന്റിംഗ്, ഹോൾട്ടികൾച്ചർ മുതലായവ).

*6. റീജിയണൽ കേന്ദ്രം, കോഴിക്കോട്*

സർക്കാർ-സ്വകാര്യ നിർമ്മാണ പ്രവർത്തനങ്ങൾ, ഹൗസിംഗ് ഗൈഡൻസ്, പ്രൊഡക്ഷൻ സെന്റർ (ഹോളോ കോൺക്രീറ്റ് ബ്ലോക്ക്, സോളിഡ് കോൺക്രീറ്റ് ബ്ലോക്ക് മുതലായവ), കലവറ (കമ്പി, സിമന്റ് തുടങ്ങിയവ ഗവൺമെന്റ് ഗൈഡ്‌ലൈൻപ്രകാരം എ.പി.എൽ./ബി.പി.എൽ. ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണ്. പരിശീലന പരിപാടികൾ (മേസണറി, കാർപ്പെന്ററി, ഹോർട്ടികൾച്ചർ മുതലായവ).



GCPT. 3/2215/2011/DTP.

*7. റീജിയണൽ കേന്ദ്രം, മുട്ടം*

സർക്കാർ-സ്വകാര്യ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിവരുന്നു. പ്രൊഡക്ഷൻ സെന്റർ (ഹോളോ കോൺക്രീറ്റ് ബ്ലോക്ക്, സോളിഡ് കോൺക്രീറ്റ് ബ്ലോക്ക്, ജനൽ കതക് ഫ്രെയിമുകൾ മുതലായവ), ഹൗസിംഗ് ഗൈഡൻസ്.

*8. റീജിയണൽ കേന്ദ്രം, കൊട്ടാരക്കര*

സർക്കാർ-സ്വകാര്യ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിവരുന്നു. പ്രൊഡക്ഷൻ സെന്റർ (കൊല്ലം ജില്ലയിലെ കല്ലുവാതുക്കലിൽ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു), ഹൗസിംഗ് ഗൈഡൻസ്.

*9. റീജിയണൽ കേന്ദ്രം, തൃശ്ശൂർ*

സർക്കാർ-സ്വകാര്യ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിവരുന്നു. ഹൗസിംഗ് ഗൈഡൻസ്, വിവിധ കെട്ടിട നിർമ്മാണ പരിശീലന പരിപാടികൾ.

*10. റീജിയണൽ കേന്ദ്രം, പാലക്കാട്*

സർക്കാർ-സ്വകാര്യ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിവരുന്നു, പ്രൊഡക്ഷൻ സെന്റർ (ഹോളോ കോൺക്രീറ്റ് ബ്ലോക്ക്, സോളിഡ് കോൺക്രീറ്റ് ബ്ലോക്ക്, ജനൽ കതക് ഫ്രെയിമുകൾ മുതലായവ), ഹൗസിംഗ് ഗൈഡൻസ്. അഹാഡ്സ് പ്രോജക്ടിന്റെ വർക്കുമായി ബന്ധപ്പെട്ട് ചിറ്റൂരിൽ വുഡ്ക്രാഫ്റ്റിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ജനൽ, വാതിൽപാളികൾ, പേവിംഗ് ബ്ലോക്ക് മുതലായവ ഇവിടെ നിർമ്മിച്ചുവരുന്നു.

*11. റീജിയണൽ കേന്ദ്രം, തിരുവല്ല*

സർക്കാർ-സ്വകാര്യ നിർമ്മാണ പ്രവർത്തനങ്ങൾ, ഹൗസിംഗ് ഗൈഡൻസ്.

*12. റീജിയണൽ കേന്ദ്രം, ചെട്ടികുളങ്ങര*

സർക്കാർ-സ്വകാര്യ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിവരുന്നു. പ്രൊഡക്ഷൻ സെന്റർ (ഹോളോ കോൺക്രീറ്റ് ബ്ലോക്ക്, സോളിഡ് കോൺക്രീറ്റ് ബ്ലോക്ക് മുതലായവ), ഹൗസിംഗ് ഗൈഡൻസ്.

*13. റീജിയണൽ കേന്ദ്രം, അടൂർ*

സർക്കാർ-സ്വകാര്യ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിവരുന്നു. ഹൗസിംഗ് ഗൈഡൻസ്, പ്രൊഡക്ഷൻ സെന്റർ (ഹോളോ കോൺക്രീറ്റ് ബ്ലോക്ക്, സോളിഡ് കോൺക്രീറ്റ് ബ്ലോക്ക് മുതലായവ) കലവറ (കുളത്തൂപ്പുഴയിൽ നിർമ്മിതി കേന്ദ്രവും വനം വകുപ്പും സംയുക്തസംരംഭം) മണൽ, ഗവൺമെന്റ് ഗൈഡ് ലൈൻ പ്രകാരം എ.പി.എൽ./ബി.പി.എൽ. ആവശ്യക്കാർക്ക് വിതരണം ചെയ്യുന്നു.

*14. റീജിയണൽ കേന്ദ്രം, വയനാട്*

സർക്കാർ-സ്വകാര്യ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിവരുന്നു. ഹൗസിംഗ് ഗൈഡൻസ്.

**മാർഗ്ഗരേഖകളെ സംബന്ധിച്ച്**

1. ഹൗസിംഗ് ഗൈഡൻസ് (അനുബന്ധം-1)
2. കലവറ നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നത് (അനുബന്ധം-2)

അനുബന്ധം-1

# ഹൗസിംഗ് ഗൈഡൻസ് ഗൈഡ്‌ലൈൻ

തുടക്കത്തിൽ 100 രൂപ ഫീസ് അടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. സൈറ്റ് വിസിറ്റിനുവേണ്ടി ആർക്കിടെക്ട്/എഞ്ചിനീയറുടെ സേവനം ആവശ്യമെങ്കിൽ 500 രൂപ അഡ്വാൻസ് ഫീസ് അടയ്ക്കേണ്ടതാണ്. ലൈൻ പ്ലാൻ, ഫൈനൽ പ്ലാൻ തയ്യാറാക്കുന്നതിന് 30 രൂപ/$M^2$ ആണ് നിശ്ചയിച്ചിരിക്കുന്നത്. ലൈൻ പ്ലാൻ ആവശ്യമെങ്കിൽ മുൻകൂറായി 500 രൂപ ഫീസ് അടയ്ക്കേണ്ടതാണ്. ഇടയ്ക്കുള്ള സൂപ്പർവിഷന് താഴെപ്പറയുംപ്രകാരമാണ് ഫീസ് നിശ്ചയിച്ചിരിക്കുന്നത്:

| | | |
|---|---|---|
| 50 $M^2$ | .. | എസ്റ്റിമേറ്റ് തുകയുടെ 2.5% |
| 50-100 $M^2$ | .. | എസ്റ്റിമേറ്റ് തുകയുടെ 3% |
| 101-150 $M^2$ | .. | എസ്റ്റിമേറ്റ് തുകയുടെ 3.5% |
| 150 $M^2$-നുമുകളിൽ | .. | എസ്റ്റിമേറ്റ് തുകയുടെ 4% |

11 തവണ സൈറ്റ് വിസിറ്റ് ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ളതാണ് മേൽപ്പറഞ്ഞ നിരക്ക്.

11 തവണയിൽ അധികം സൈറ്റ് വിസിറ്റിന് താഴെപ്പറയുംപ്രകാരം ഫീസ് നിശ്ചയിച്ചിരിക്കുന്നു:

| | | |
|---|---|---|
| 5 km | .. | 50 രൂപ/വിസിറ്റ് |
| 5-10 km | .. | 100 രൂപ/വിസിറ്റ് |
| 15 km | .. | 150 രൂപ/വിസിറ്റ് |

മൊത്തം പ്രോജക്ട് നടത്തിപ്പിന് എസ്റ്റിമേറ്റ് തുകയുടെ 0.5% ഫീസ് ഈടാക്കുന്നതാണ്. മൊത്തം വർക്ക് ഏറ്റെടുത്ത് നടത്തുകയാണെങ്കിൽ കരാർ ഒപ്പുവയ്ക്കുന്ന സമയത്ത് തുടക്കത്തിൽ അടച്ച 500 രൂപ തിരിച്ചു നൽകുന്നതാണ്.

അനുബന്ധം-2

## പാവപ്പെട്ടവർക്കും സാധാരണക്കാർക്കും കുറഞ്ഞവിലക്ക് മണൽ ലഭ്യമാക്കുന്ന കലവറ വിപണന മാർഗ്ഗ രേഖ

1. പരമാവധി 186 $m^2$ (2000 ച. അടി) വരെ തറ വിസ്തീർണ്ണമുള്ള വീടുകളുടെ നിർമ്മാണത്തിന് മാത്രമേ മണൽ നൽകുകയുള്ളു.

2. ഗുണഭോക്താക്കൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും വീട് നിർമ്മാണത്തിന് അനുവാദം നൽകിയ രേഖ, കെട്ടിടത്തിന്റെ പ്ലാനിന്റെ പകർപ്പ് എന്നിവ ഹാജരാക്കണം.

3. നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വീടിന്റെ തറ വിസ്തീർണ്ണത്തിന് ആനുപാതികമായി ഘട്ടം ഘട്ടമായി ഓരോ ലോഡുവീതം മണൽ മാത്രമാണ് നൽകുന്നത്.

4. എം. എൻ. ലക്ഷം വീട്, ഇ.എം.എസ്. ഭവന പദ്ധതി, പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കുളള ഭവന നിർമ്മാണ പദ്ധതി, പ്രകൃതി ദുരന്തങ്ങൾക്ക് ഇരയായവർക്കുള്ള ഭവന പദ്ധതി, സുനാമി പുനരധിവാസ പദ്ധതി എന്നീ സർക്കാർ പദ്ധതികളിൽ ഉൾപ്പെട്ട വീട് നിർമ്മാണം ആണെങ്കിൽ അതിന് മുൻഗണന നൽകുന്നതാണ്. മണൽ ഉപയോഗം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കുന്നതാണ്.

5. മണൽ, രേഖകളിൽ കാണിച്ചിരിക്കുന്ന വീടിന്റെ നിർമ്മാണത്തിന് മാത്രമായിരിക്കും നൽകുന്നത്. ഈ മണൽ മറിച്ചു വിൽക്കുകയോ മറ്റേതെങ്കിലും തരത്തിൽ കൈമാറ്റം നടത്തുകയോ ചെയ്യാതിരിക്കാനായി ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറിയോ സെക്രട്ടറി ചുമതലപ്പെടുത്തിയ വാർഡു മെമ്പറുടെയോ/കൗൺസിലറുടെയോ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.



GCPT. 3/2215/2011/DTP

6. സംശയകരമായ സാഹചര്യങ്ങളിലോ പരാതികളുടെ അടിസ്ഥാനത്തിലോ കലവറയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അതാത് പ്രവർത്തി സ്ഥലങ്ങളിൽ മിന്നൽ പരിശോധന നടത്തുകയും മണലിന്റെ ശരിയായ ഉപയോഗം ഉറപ്പാക്കുകയും ചെയ്ത ശേഷം മാത്രമെ അടുത്ത ഗഡു മണൽ വിതരണം ചെയ്യുകയുള്ളു.

7. കലവറയിൽ സംഭരിച്ചിരിക്കുന്ന മണലിന്റെ അളവിന് അനുസൃതമായി മുൻഗണനാ ക്രമത്തിൽ മാത്രമേ ഉപഭോക്താവിന് വിൽപ്പന നടത്തുകയുള്ളു. ഇതിൽ ദാരിദ്ര്യരേഖക്ക് താഴേയുള്ളവർക്കായിരിക്കും മുൻഗണന.

8. മണലിന്റെ അളവ് ഗുണഭോക്താക്കളെ ബോധ്യപ്പെടുത്തി അതാത് ബില്ലുകളിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്. മണലിന്റെ ലഭ്യത അനുസരിച്ച് പത്രത്തിൽ പരസ്യം ചെയ്യുന്നത് പ്രകാരം അപേക്ഷകൾ ബന്ധപ്പെട്ട നിർമ്മിതി കലവറ യൂണിറ്റുകളിൽ ലഭ്യമാണ്. മണൽ ലഭിക്കാൻ ഗുണഭോക്താക്കൾ തന്നെ അപേക്ഷ അതാത് കലവറ യൂണിറ്റിൽ സമർപ്പിക്കേണ്ടതാണ്.

9. കലവറയിൽ നിന്നും സ്വന്തം ചെലവിൽ മണൽ കൊണ്ടു പോകേണ്ട താണ്.

10. മണൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയിൽ കലവറയിൽ നിന്നും മറുപടി ലഭിച്ച ശേഷം 7 ദിവസത്തിനുള്ളിൽ തന്നെ മണലിന് പണം അടയ്ക്കേണ്ടതും അല്ലാത്ത പക്ഷം അപേക്ഷ റദ്ദാക്കിയതായി കണക്കാക്കപ്പെടുന്നതുമാണ്.

11. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെങ്കിൽ അതു തെളിയിക്കുന്ന അംഗീകൃത രേഖ (റേഷൻ കാർഡ്) കാണിക്കുകയും അതിന്റെ കോപ്പി നൽകിയാൽ നിയമാനുസൃതമായ ഇളവുകളും മുൻഗണനയും ലഭിക്കുകയും ചെയ്യും.

**3.3.16 കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ മേഖലാ/ ഗ്രാമീണ കേന്ദ്രങ്ങളിലെ പൊതുസമ്പർക്ക ഓഫീസർമാരുടെ മേൽ വിലാസങ്ങൾ താഴെ കൊടുക്കുന്നു**

| ക്രമ നമ്പർ | തസ്തിക | വിലാസം | ടെലഫോൺ നമ്പർ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ഡയറക്ടർ | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, പി.ടി.പി. നഗർ, തിരുവനന്തപുരം-38 | 0471-2360559, 2360208, 2362319 ഫാക്സ്: 0471-2360536 ഇ-മെയിൽ: kesnik@sancharnent.in |
| 2 | അഡ്മിനിസ്ട്രേഷൻ മാനേജർ/ ഫിനാൻഷ്യൽ അഡ്വൈസർ | ടി | 0471--2360559, 2360208, 2362319 |
| 3 | ചീഫ് ടെക്നിക്കൽ ഓഫീസർ | ടി | 0471-2360559, 2360208, 2362319 |
| 4 | അസിസ്റ്റന്റ് മാനേജർ (ഐ. & ഇ) | ടി | 0471-2360559, 2360208, 2362319 |
| 5 | റീജിയണൽ എഞ്ചിനീയർ | നിർമ്മിതി ഹാബിറ്റാറ്റ് എഡ്യൂക്കേഷൻ സെന്റർ, ബാർട്ടൺഹിൽ, കുന്നുകുഴി പി. ഒ., തിരുവനന്തപുരം-695 037 | 0471-2447638 |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | റീജിയണൽ എഞ്ചിനീയർ | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, സി.പി.റ്റി. ക്യാമ്പസ്, വട്ടിയൂർക്കാവ്, തിരുവനന്തപുരം, പിൻ-695 013 | 0471- 2362229 |
| 7 | റീജിയണൽ എഞ്ചിനീയർ | കേരള സംസ്ഥാന നിർമ്മിതികേന്ദ്രം, എം.ജി. യുണിവേഴ്സിറ്റി ക്യാമ്പസ്, പ്രിയദർശിനി ഹിൽസ്സ് പി. ഒ., അതിരമ്പുഴ, കോട്ടയം-636 560 | 0481-2731502 |
| 8 | റീജിയണൽ എഞ്ചിനീയർ | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, വള്ളിച്ചിറ പി. ഒ., പാല -686 592 | 04822- 211412 |
| 9 | റീജിയണൽ എഞ്ചിനീയർ | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, ഗവ. പോളിടെക്നിക്ക് കോളേജ് ക്യാമ്പസ്, പ്രൊഡക്ഷൻ സെന്റർ, കളമശ്ശേരി-683 503 | 0484-2555944 |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | റീജിയണൽ എഞ്ചിനീയർ | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, റീജിയണൽ നിർമ്മിതി കേന്ദ്രം, പ്രൊഡക്ഷൻ & മാർക്കറ്റിംഗ് സെന്റർ, ചെട്ടികുളങ്ങര പി. ഒ., ഹൗസിംഗ് ബോർഡ് കോളനിക്ക് സമീപം, മാവേലിക്കര-690 106 | 0479-2349503 |
| 11 | റീജിയണൽ എഞ്ചിനീയർ | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, റീജിയണൽ നിർമ്മിതി കേന്ദ്രം, തിരുത്തിമാട്, അഴകൊടി ക്ഷേത്രത്തിന് സമീപം, കോഴിക്കോട്-673 004 | 0495-2725394 |
| 12 | റീജിയണൽ എഞ്ചിനീയർ | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, സ്റ്റാഫ് ക്വാർട്ടേഴ്സിന് എതിർവശം, ഗവ. പോളിടെക്നിക്ക് കുടുംബ് പി. ഒ., പാലക്കാട്-678 551 | 04912-571492 |
| 13 | റീജിയണൽ എഞ്ചിനീയർ | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, റീജിയണൽ നിർമ്മിതി കേന്ദ്രം, റൂറൽ സെന്റർ, ഗവ. പോളിടെക്നിക്ക് ക്യാമ്പസ്, മുട്ടം പി. ഒ. 685 587 | 04862-255996 |

| (1) | (2) | (3) | (4) |
|---|---|---|---|
| 14 | റീജിയണൽ എഞ്ചിനീയർ | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, മണക്കാല പി. ഒ., അടൂർ -691 551 | 04734-231673 |
| 15 | സോണൽ കോഡിനേറ്റർ/ റീജിയണൽ എഞ്ചിനീയർ | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, സോണൽ ഓഫീസ്, വാണിയൻ ലയിൻ പി. ഒ., പൂങ്കുന്നം, തൃശ്ശൂർ, പിൻ-680 002 | 0487 - 2382101 |
| 16 | റീജിയണൽ എഞ്ചിനീയർ | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, കൊട്ടാരക്കര പഞ്ചായത്ത് ഓഫീസ് ബിൽഡിംഗ്, കൊട്ടാരക്കര പി. ഒ., കൊട്ടാരക്കര - 691 531 | 0474-2450399 |
| 17 | റീജിയണൽ എഞ്ചിനീയർ | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, IIIrd ഫ്ളോർ, റവന്യൂ ടവേഴ്സ്, തിരുവല്ല പി. ഒ., തിരുവല്ല, പിൻ-689 101 | 0469-2631972 |
| 18 | റീജിയണൽ എഞ്ചിനീയർ | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, റീജിയണൽ നിർമ്മിതി കേന്ദ്രം, ആറാട്ടുതറ പി. ഒ., വയനാട്-670 721 | 04935-244900 |

'എല്ലാവർക്കും പാർപ്പിടം' എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനായി ഭവന വകുപ്പിന്റെ സേവനം ഈ മേഖലയിൽ സദാ വ്യാപൃതരായിരിക്കുന്ന വിവിധ കാര്യാലയങ്ങളിൽ നിന്നും ലഭ്യമാകും. പൊതുജനങ്ങളുടെ/ഗുണ ഭോക്താക്കളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വകുപ്പിന്റെ ഭാവിപ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശനമേകും.

**ബന്ധപ്പെടാനുള്ള മേൽവിലാസം**

1. സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്, കേരള സർക്കാർ,
   തിരുവനന്തപുരം-695 001.
   ഫോൺ: 0471-2335166 ഫാക്സ്: 0471-2333115
2. ഹൗസിംഗ് കമ്മീഷണർ, ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയം,
   ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ,
   തിരുവനന്തപുരം-695 001.
   ഫോൺ: 0471-2330720 ഫാക്സ്: 0471-2331204

**ഇതര കാര്യാലയങ്ങളിലെ മേലുദ്യോഗസ്ഥരുടെ മേൽവിലാസം**

1. സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്,
   ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ,
   തിരുവനന്തപുരം-695 001.
   ഫോൺ: 0471-2331225 ഫാക്സ്: 0471-2331204
2. ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം,
   പി.ടി.പി. നഗർ, തിരുവനന്തപുരം-695 038.
   ഫോൺ: 0471-2360208, 2360559 ഫാക്സ്:

## 3.4.0 ഭവന നിർമ്മാണരംഗത്ത് വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികൾ നടപ്പിലാക്കിവരുന്ന ഇതര വകുപ്പുകൾ

1. കമ്മീഷണർ, റൂറൽ ഡവലപ്പ്മെന്റ് കമ്മീഷണറേറ്റ്,
   എൽ.എം.എസ്. ബിൽഡിംഗ്, തിരുവനന്തപുരം.
   ഫോൺ: 0471-2316095
2. ഡയറക്ടർ, പട്ടികജാതി വികസന ഡയറക്ടറേറ്റ്,
   അയ്യങ്കാളി ഭവൻ, കനക നഗർ, കവടിയാർ.പി.ഒ
   തിരുവനന്തപുരം- 695003.
   ഫോൺ: 0471 2737400

3. ഡയറക്ടർ, പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം.
ഫോൺ: 0471-2302990

4. മാനേജിംഗ് ഡയറക്ടർ, ഹൗസ്ഫെഡ്,
പി. ബി. നമ്പർ 1896, കലൂർ, കൊച്ചി–692 017.
ഫോൺ: 0484-2402913, 2402734

5. ഡയറക്ടർ, കുടുംബശ്രീ, ട്രിഡ ബിൽഡിംഗ്, രണ്ടാം നില,
ചാലക്കുഴി റോഡ്, മെഡിക്കൽ കോളജ് പി. ഒ.,
തിരുവനന്തപുരം– 695 011.
ഫോൺ: 0471-2554714

6. ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്,
പബ്ലിക് ഓഫീസ്, തിരുവനന്തപുരം.
ഫോൺ: 0471-2321038

7. ഡയറക്ടർ, അർബൻ അഫയേഴ്സ് ഡയറക്ടറേറ്റ്,
പബ്ലിക് ഓഫീസ്, തിരുവനന്തപുരം.
ഫോൺ: 0471-2322886

8. ഡയറക്ടർ, ഫിഷറീസ് വകുപ്പ്,
വികാസ് ഭവൻ, തിരുവനന്തപുരം.
ഫോൺ: 0471-2303160

9. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്
വികാസ് ഭവൻ, തിരുവനന്തപുരം.
ഫോൺ: 0471-2304931, 2304980